14
2026
ഒക്ടോബർ
ബുധൻ
കന്നി 28

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 191 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-191 | പേജ് 4. വില 2.00 രൂപ

02 മനസിൻെറ കടിഞ്ഞാൺ നഷ്ടപ്പെട്ടവരെ ചേർത്ത് നിർത്തണം: മന്ത്രി

03 നെടുങ്ങോലം താലൂക്ക് ആശുപത്രി മോർച്ചറിയിൽ മൃതദേഹം അഴുകിയ നിലയിൽ

04 നൂറുദിന പദ്ധതികളിലും ഇടംപിടിക്കാതെ തീരദേശ റോഡ് വികസനം

# വയോജനങ്ങളെ കൈവിട്ടാൽ അഴിയെണ്ണും; പുതിയ ബില്ലുമായി സർക്കാർ



തിരുവനന്തപുരം: മുതിർന്ന പൗരന്മാരുടെ സംരക്ഷണവും അവകാശങ്ങളും ഉറപ്പാക്കുന്നതിനുള്ള വയോജന സംരക്ഷണ ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. മുതിർന്ന പൗരന്മാരെ ശാരീരികമായോ മാനസികമായോ ഉപദ്രവിക്കുക, വീട്ടിൽ നിന്ന് ഇറക്കിവിടുക, സ്വത്ത് കൈക്കലാക്കാൻ ശ്രമിക്കുക തുടങ്ങിയ കുറ്റങ്ങൾക്ക് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്ന ബില്ലാണ് അവതരിപ്പിച്ചത്.

മൂന്ന് വർഷം വരെ തടവും 50, 000 രൂപ പിഴയും ലഭിക്കുമെന്ന് ബില്ലിൽ വ്യവസ്ഥയുണ്ട്. കൈവശമുള്ള സ്വത്തോ മറ്റ് സാധനങ്ങളോ തട്ടിയെടുക്കാൻ ശ്രമിക്കുന്നതും സംരക്ഷണം നൽകാതെ ഉപേക്ഷിക്കുന്നതും ശിക്ഷാർഹമായ കുറ്റങ്ങളായി കണക്കാക്കും. ഒരു മുതിർന്ന പൗരനും ഒറ്റയ്ക്കായി പോകുന്നുവെന്ന തോന്നൽ ഉണ്ടാകരുതെന്ന ലക്ഷ്യത്തോടെയാണ് നിയമം കൊണ്ടുവരുന്നതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

കേരളത്തിലെ മുഴുവൻ മുതിർന്ന പൗരന്മാരുടെയും വിവരങ്ങൾ സർക്കാരിൻറെ കൈവശമുണ്ടെന്നും ഇതിൻറെ അടിസ്ഥാനത്തിൽ പരിചരണം ആവശ്യമുള്ളവരെ കണ്ടെത്തി ആവശ്യമായ സഹായവും സംരക്ഷണവും ഉറപ്പാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. വയോജനങ്ങൾക്ക് ആവശ്യമായ പരിചരണം നൽകുന്നതിനായി കെയർഗിവേഴ്സ് കോഴ്സുകളും ആരംഭിക്കും.

മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി രാജ്യത്ത് ആദ്യമായി പ്രത്യേക വകുപ്പ് രൂപീകരിച്ച സംസ്ഥാനമാണ് കേരളം. അവരുടെ പരിചരണവും അവകാശസംരക്ഷണവും ഉറപ്പാക്കുകയാണ് പ്രത്യേക നിയമത്തിൻറെ ലക്ഷ്യമെന്നും മുഖ്യമന്ത്രി വിശദീകരിച്ചു. പുതിയ ബില്ലിൻറെ ഭാഗമായി മുതിർന്ന പൗരന്മാർക്ക് പൊലിസ് സ്റ്റേഷനുകളിൽ പ്രത്യേക പരിഗണന നൽകും.

അവരുടെ പരാതികൾ കൈകാര്യം ചെയ്യാൻ പ്രത്യേക ഉദ്യോഗസ്ഥരെയും നിയോഗിക്കും. വയോജനങ്ങൾക്ക് ആവശ്യമായ സഹായം എത്തിക്കുന്നതിനായി അയൽപക്ക സൗഹൃദ ശൃംഖലയും രൂപീകരിക്കും. മുതിർന്ന പൗരന്മാർക്കുള്ള പരിചരണ കേന്ദ്രങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കാനും ബില്ലിൽ വ്യവസ്ഥയുണ്ട്.

സ്വന്തം വീടുകളിൽ തന്നെ തുടരാൻ ആഗ്രഹിക്കുന്ന വയോജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ സർക്കാർ ഒരുക്കും. കൂടാതെ മുതിർന്ന പൗരന്മാർക്ക് എളുപ്പത്തിൽ ഉപയോഗിക്കാനാകുന്ന രീതിയിൽ പൊതുകെട്ടിടങ്ങൾ നിർമിക്കുന്നതിനും നടപടികളുണ്ടാകും. വയോജനങ്ങളുടെ സുരക്ഷ, പരിചരണം, അന്തസ്, അവകാശങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള സമഗ്രമായ ചട്ടക്കൂടാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

## സിഎംആർഎൽ കേസിലെ വിജിലൻസ് അന്വേഷണം; സിംഗിൾ ബെഞ്ചിൻെറ ഉത്തരവിന് സ്റ്റേയില്ല

കൊച്ചി: സിഎംആർഎൽ -എക്സാലോജിക് ഇടപാടിൽ വിജിലൻസിന് കേസ് എടുക്കാമെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച്. സിംഗിൾ ബെഞ്ചിൻറെ ഉത്തരവിന് സ്റ്റേയില്ല. ഗുരുതര കുറ്റമെങ്കിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യാമെന്നും സിംഗിൾ ബെഞ്ച് ഉത്തരവിനെ എതിർക്കാനാകില്ലെന്നും കോടതി നിരീക്ഷിച്ചു.

പിണറായി വിജയൻ ഉൾപ്പെടെയുള്ളവർ നൽകിയ അപ്പീൽ അനുമതി അപേക്ഷ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധി പറയാൻ മാറ്റി. അതേസമയം, ഇഡി നൽകിയ കത്തിൽ പിണറായി വിജയനെതിരെ കേസെടുക്കാൻ മതിയായ തെളിവുകൾ ഇല്ലെന്ന് സർക്കാർ ഡിവിഷൻ ബെഞ്ചിലും ആവർത്തിച്ചു.

ഹർജിക്കാരനായ കെ. എം. ഷാജഹാനെതിരെ സർക്കാർ രംഗത്തെത്തി. കോടതിയലക്ഷ്യ നടപടി നേരിടുന്നയാളാണ് ഷാജഹാനെന്നും വിശ്വാസ്യതയുള്ള ഹർജിക്കാരൻ അല്ലെന്നും കോടതിയിൽ അറിയിച്ചു. പിണറായി വിജയനെതിരെ എഫ്ഐആർ ഇട്ടതിൽ എന്താണ് പ്രശ്നമെന്ന് ഹൈക്കോടതി ആവർത്തിച്ചു. സിംഗിൾ ബെഞ്ചിൻറെ വിധി ഇല്ലെങ്കിലും എഫ്ഐആർ ഇടാമല്ലോ എന്നായിരുന്നു കോടതിയുടെ ചോദ്യം.

ലഭിച്ച തെളിവുകൾ കേസെടുക്കാൻ തൃപ്തികരം അല്ലായിരുന്നുവെന്നാണ് സർക്കാർ ഹൈക്കോടതിയെ അറിയിച്ചത്. എന്നാൽ പിണറായി അടക്കമുള്ള പ്രതികളുടെ ഹർജിയെ ഇഡി കോടതിയിൽ എതിർത്തു. സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ പ്രതികൾക്ക് എങ്ങനെ അപ്പീൽ നൽകാൻ കഴിയുമെന്നായിരുന്നു ഇഡിയുടെ ചോദ്യം.

## യുപിഐ ഇടപാടുകൾക്ക് അധിക തുക; തീരുമാനം നീട്ടിയതായി എൻപിസിഐ

ന്യൂഡൽഹി: വ്യാപാര സ്ഥാപനങ്ങളിലെ 2,000 രൂപയ്ക്ക് മുകളിലുള്ള യുപിഐ ഇടപാടുകൾക്ക് മർച്ചൻറ് ഡിസ്കൗണ്ട് റേറ്റ് ഈടാക്കുന്ന തീരുമാനം നീട്ടിയതായി നാഷണൽ പേയ്മെൻറ്സ് കോർപറേഷൻ ഓഫ് ഇന്ത്യ. ദീപാവലിക്ക് ശേഷം നിരക്ക് ഏർപ്പെടുത്താനാണ് തീരുമാനം.

2,000 രൂപയ്ക്ക് മുകളിലുള്ള യുപിഐ പേയ്മെൻറുകൾക്ക് 0. 25 ശതമാനം മുതൽ 0. 4 ശതമാനം വരെ നിരക്ക് ഏർപ്പെടുത്താനായിരുന്നു തീരുമാനിച്ചിരുന്നത്. ഒക്ടോബർ 15 മുതൽ പുതിയ നിരക്ക് നിലവിൽ വരാനിരിക്കെയാണ് തീരുമാനം.

എൻപിസിഐ ഇന്ന് പുറത്തിറക്കിയ വാർത്താക്കുറിപ്പിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഒക്ടോബർ മുതൽ ആരംഭിക്കുന്ന ഉത്സവ കാലത്ത് രാജ്യത്ത് ഡിജിറ്റൽ പേയ്മെൻറുകൾ സാധാരണയായി വർധിക്കാറുണ്ട്. ഈ സാഹചര്യത്തിലാണ് പുതിയ തീരുമാനം.

## പ്രധാനമന്ത്രിക്കെതിരായ പരാമർശം: രാഹുൽ ഗാന്ധിക്കെതിരായ അപകീർത്തി കേസ് നടപടികൾ സുപ്രീംകോടതി സ്റ്റേ ചെയ്തു

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ നടത്തിയ പരാമർശത്തിൻറെ പേരിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കെതിരെ മഹാരാഷ്ട്രയിലെ ട്രയൽ കോടതിയിലുള്ള അപകീർത്തി കേസ് നടപടികൾ സുപ്രീം കോടതി സ്റ്റേ ചെയ്തു. ജസ്റ്റിസ് വിക്രം നാഥ്, ജസ്റ്റിസ് അപരേശ് കുമാർ സിംഗ് എന്നിവരടങ്ങിയ ബെഞ്ചാണ് ഈ ഉത്തരവിട്ടത്.

കേസിൽ പരാതിക്കാരനായ എം. എച്ച്. ശ്രീശ്രീമാലിനും മഹാരാഷ്ട്ര സർക്കാരിനും സുപ്രീം കോടതി നോട്ടീസ് അയച്ചു. നാല് ആഴ്ചയ്ക്കകം മറുപടി നൽകാനാണ് നിർദേശം. തനിക്കെതിരായ സമൻസ് റദ്ദാക്കാൻ വിസമ്മതിച്ച ബോംബെ ഹൈക്കോടതി വിധിക്കെതിരെ രാഹുൽ ഗാന്ധി നൽകിയ ഹർജിയിലാണ് സുപ്രീംകോടതിയുടെ ഈ ആശ്വാസകരമായ നടപടി. 2018 സെപ്റ്റംബറിൽ രാജസ്ഥാനിൽ വെച്ച് രാഹുൽ നടത്തിയ പ്രസംഗം ബിജെപി അംഗങ്ങളെയും പ്രധാനമന്ത്രിയെയും അപകീർത്തിപ്പെടുത്തുന്നതാണെന്ന് ആരോപിച്ചായിരുന്നു കേസ്.

## സുഹൈൽ സജീവിനെതിരെ കുറ്റകരമായ നരഹത്യ ചുമത്തി; ശക്തമായ നിയമനടപടിയെന്ന് ആഭ്യന്തര മന്ത്രി

കൊച്ചി: നെടുമ്പാശേരി വാഹനാപകടത്തിൽ പ്രതി സുഹൈൽ സജീവിനെതിരെ കുറ്റകരമായ നരഹത്യ ചുമത്തി. ബിഎൻഎസ് 281,105,49 എന്ന വകുപ്പുകൾ പ്രതിക്കെതിരെ ചുമത്തി. ഞായറാഴ്ച പുലർച്ചെ രണ്ടോടെയായിരുന്നു അപകടം. കർണാടക സ്വദേശി ഇയ്യാസ് (21), പാലക്കാട് സ്വദേശി ഗോപിക (21), വയനാട് സ്വദേശി ദേവിക (21) എന്നിവരാണ് മരിച്ചത്.

സംഭവത്തിൽ സുഹൈലിന്റെ മൂന്ന് സുഹൃത്തുക്കളെയും പ്രേരണ കുറ്റം ചുമത്തി അറസ്റ്റ് ചെയ്തിരുന്നു. പ്രതിയെ നിയമപ്രകാരം കോടതിയാണ് ബോസ്റ്റൽ സ്കൂളിലേക്ക് റിമാൻഡ് ചെയ്തതെന്നും പൊലിസ് വ്യക്തമാക്കി.

സംഭവത്തിൽ ശക്തമായ നിയമനടപടി എടുക്കുമെന്നും ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. പ്രതിക്ക് ഏറ്റവും വലിയ ശിക്ഷ തന്നെ വാങ്ങി കൊടുക്കാനാണ് ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

സുഹൈൽ സജീവിനെതിരെ എക്സൈസും കേസ് എടുത്തിട്ടുണ്ട്. പ്രായപൂർത്തിയാകാതെ മദ്യം വാങ്ങി ഉപയോഗിച്ചുവെന്ന കുറ്റത്തിനാണ് എക്സൈസ് കേസ് എടുത്തത്. രണ്ടു വർഷം തടവും 5,000 രൂപ പിഴയും ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ് ചുമത്തിയിരിക്കുന്നത്. പ്രതിയെ വിശദമായി ചോദ്യം ചെയ്യാനാണ് എക്സൈസിന്റെയും പൊലിസിന്റെയും തീരുമാനം.

19 വയസുകാരനായ സുഹൈലിന് മദ്യം നൽകിയ എറണാകുളത്തെ മൂന്ന് ബാറുകൾക്കെതിരെ ഇന്നലെ എക്സൈസ് കേസ് എടുത്തിരുന്നു. കേരള അബ്കാരി നിയമപ്രകാരം 23 വയസാണ് മദ്യം വാങ്ങുന്നതിനുള്ള പ്രായപരിധി. 23 വയസിന് താഴെയുള്ളവർക്ക് മദ്യം നൽകാൻ പാടില്ലെന്ന കേരള അബ്കാരി ആക്ട് പ്രകാരമാണ് ബാറുകൾക്കെതിരെ കേസ് എടുത്തത്.

## കരമന കൂടം കേസിൽ നിർണായക വഴിത്തിരിവ്; കാര്യസ്ഥൻ അറസ്റ്റിൽ

തിരുവനന്തപുരം: കരമനയിലെ കൂടം കുടുംബത്തിലെ ദുരൂഹമരണങ്ങളിൽ നിർണായക വഴിത്തിരിവ്. 2017ൽ ജയമാധവൻ നായർ കൊല്ലപ്പെട്ട സംഭവത്തിൽ കുടുംബത്തിലെ കാര്യസ്ഥനായ രവീന്ദ്രൻ നായരെ പൊലിസ് അറസ്റ്റ് ചെയ്തു. വർഷങ്ങളായി ദുരൂഹതകൾ നിലനിന്ന കേസിൽ നിർണായകമായ അന്വേഷണ പുരോഗതിയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. കൂടം കുടുംബത്തിൽ വിവിധ കാലഘട്ടങ്ങളിലായി ഏഴ് പേരാണ് ദുരൂഹ സാഹചര്യത്തിൽ മരിച്ചത്. ജയമാധവൻ നായർ വധക്കേസിൽ രവീന്ദ്രൻ നായർക്കൊപ്പം അനിൽ, സാജു എന്നിവർക്കും പങ്കുണ്ടെന്നാണ് പൊലിസ് വ്യക്തമാക്കിയിരിക്കുന്നത്. 2017ൽ നടന്ന ജയമാധവൻ നായരുടെ മരണവുമായി ബന്ധപ്പെട്ട് നടത്തിയ ശാസ്ത്രീയ അന്വേഷണങ്ങളും ബ്രെയിൻ മാപ്പിംഗ് പരിശോധനയുമാണ് കേസിൽ നിർണായകമായതെന്നാണ് റിപ്പോർട്ട്.

സ്വത്ത് കൈക്കലാക്കുക എന്ന ലക്ഷ്യത്തോടെയാണ് ജയമാധവൻ നായരെ കൊലപ്പെടുത്തിയതെന്നാണ് അന്വേഷണത്തിൽ പുറത്തുവന്ന വിവരങ്ങൾ. തലയ്ക്ക് പരിക്കേൽപ്പിച്ചശേഷം ഗുരുതരാവസ്ഥയിലായ ജയമാധവൻ നായരെ അടുത്ത ദിവസമാണ് ആശുപത്രിയിലെത്തിച്ചത്. അപ്പോഴേക്കും അദ്ദേഹം മരിച്ചിരുന്നു. കൂടം കുടുംബത്തിലെ സ്വത്ത് സ്വന്തമാക്കുന്നതിനായി കുടുംബാംഗങ്ങളെ ആസൂത്രിതമായി ഇല്ലാതാക്കിയതാണെന്ന ആരോപണവും ഉയർന്നിട്ടുണ്ട്.

## സഭയിൽ ലാത്തിയല്ല, വാക്കിംഗ് സ്റ്റിക്കു പോലും അനുവദിക്കില്ല

ഇന്നലെ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി തേടിയ വേളയിൽ ശ്രീ. വി. ജോയി എം.എൽ.എ. കറുത്ത നിറത്തിലുള്ള പിടി ഭാഗം ഒടിഞ്ഞ ഒരു ഫൈബർ ലാത്തി സഭയിൽ പ്രദർശിപ്പിക്കുകയും ചെയറിന്റെ നിർദ്ദേശാനുസരണം അത് വാച്ച് & വാർഡിനെ ഏൽപ്പിക്കുകയും ചെയ്തു.

ഇത്തരം വസ്തുക്കൾ സഭയിൽ പ്രദർശിപ്പിക്കുന്നത് ക്രമപ്രകാരമാണോ എന്ന വിഷയം ഉന്നയിക്കുകയും ഇതുസംബന്ധിച്ച റൂളിംഗ് ഇന്ന് നൽകാമെന്ന് ചെയർ അറിയിക്കുകയും ചെയ്തിരുന്നു. നിയമസഭാ രേഖകൾ പരിശോധിച്ചതിൽ നിന്നും ഒരു ബില്ലിന്റെ ചർച്ചാ വേളയിൽ ഒരു അംഗം രണ്ടു കുപ്പി ബിയർ സഭയിൽ പ്രദർശിപ്പിച്ചപ്പോഴും കഞ്ചാവ് വേട്ട സംബന്ധിച്ച ചർച്ചാ വേളയിൽ ഒരു അംഗം കഞ്ചാവ് പൊതി സഭയിൽ പ്രദർശിപ്പിച്ചപ്പോഴും സഭ പ്രസ്തുത അംഗങ്ങളുടെ നടപടിയെ അപലപിക്കുകയും അനുവദനീയമല്ലാത്ത പദാർത്ഥങ്ങൾ സഭയിൽ കൊണ്ടുവരരുതെന്ന് റൂളിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. സഭയിൽ ഗ്രനേഡ് പോലുള്ള സ്ഫോടക വസ്തുക്കൾ പ്രദർശിപ്പിക്കുന്നത് ഒരു തരത്തിലും അംഗീകരിക്കാനാവുന്ന നടപടി അല്ലെന്നും സ്പോടക വസ്തുക്കൾ, മാരകായുധങ്ങൾ, മറ്റ് നിരോധിത വസ്തുക്കൾ എന്നിവ സഭയിൽ പ്രദർശിപ്പിക്കരുതെന്നും 2005 ജൂലൈ 8-ാം തീയതി ചെയർ റൂളിംഗ് നൽകുകയും ഡയറക്ഷൻ നമ്പർ 20 പ്രകാരം പ്രസ്തുത വസ്തുക്കൾ സഭയിൽ കൊണ്ടുവരുന്നത് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. നാടകീയ രംഗങ്ങൾ സൃഷ്ടിക്കുന്നതിന് സഭയിൽ വസ്തുക്കൾ പ്രദർശിപ്പി ക്കുന്നതും ഹാജരാക്കുന്നതും തെറ്റാണെന്ന് ശക്ധർ ആന്റ് കൗളും പ്രതിപാദിക്കുന്നുണ്ട്. സഭയിലെ അംഗങ്ങളുടെ പെരുമാറ്റച്ചട്ടം 3 (തക) പ്രകാരം സഭയിൽ ആയുധങ്ങൾ കൊണ്ടുവരാനോ പ്രദർശിപ്പിക്കാനോ പാടില്ല.

ആരോഗ്യ കാരണങ്ങളാൽ അല്ലാതെ വാക്കിംഗ് സ്റ്റിക്ക് പോലും സഭയിൽ കൊണ്ടുവരാൻ പാടില്ല എന്നിരിക്കെ ഫൈബർ ലാത്തി പോലുള്ള വസ്തുക്കൾ സഭയിൽ കൊണ്ടുവന്ന് പ്രദർശിപ്പിക്കുന്നത് ശരിയായ നടപടി അല്ല എന്ന് ചെയർ റൂൾ ചെയ്യുന്നു.



# ദുബായിലെ ആഗോള വിപണി അവസരങ്ങളിലേക്ക് ടെക് സംരംഭകരെ ക്ഷണിച്ച് ടെക്നോപാർക്കിൽ റോഡ്ഷോ

തിരുവനന്തപുരം: ഇന്ത്യൻ ടെക്നോളജി സ്റ്റാർട്ടപ്പുകൾക്ക് ആഗോള നിക്ഷേപം നേടാനും യുഎഇയിലെ ബിസിനസ് സാധ്യതകൾ പ്രയോജനപ്പെടുത്താൻ സഹായിക്കുന്നതിനുമായി ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ' സെൻട്രൽ ' ടെക്നോപാർക്കിൽ പ്രത്യേക റോഡ്ഷോ സംഘടിപ്പിച്ചു.

ഡിസംബർ 7 മുതൽ 11 വരെ ദുബായ് വേൾഡ് ട്രേഡ് സെൻററിൽ നടക്കുന്ന ജിടെക്സ് ഗ്ലോബൽ 2026 ൻറെ ഭാഗമായി സംഘടിപ്പിക്കുന്ന 'എക്സ്പാൻഡ് നോർത്ത് സ്റ്റാർ' പരിപാടിയിലേക്ക് ഇന്ത്യൻ ടെക്നോളജി സംരംഭകരെ എത്തിക്കുകയാണ് 'ഡെസ്റ്റിനേഷൻ എക്സ്പാൻഡ് നോർത്ത് സ്റ്റാർ' പദ്ധതിയുടെ ലക്ഷ്യം. ദുബായിലെ നിക്ഷേപകർ, ഉപഭോക്താക്കൾ, വ്യവസായ പ്രമുഖർ, ആഗോള ടെക്നോളജി കമ്പനികൾ എന്നിവരുമായി ബന്ധപ്പെടുന്നതിന് ഇതിലൂടെ അവസരമുണ്ടാകും. എക്സ്പാൻഡ് നോർത്ത് സ്റ്റാർ പ്രദർശനം ഡിസംബർ 8 മുതൽ 10 വരെ ദുബായ് എക്സ്പോ സിറ്റിയിൽ നടക്കും.

കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, കന്യാകുമാരി, കോയമ്പത്തൂർ, ചെന്നൈ, ബെംഗളൂരു എന്നിവിടങ്ങളിലെ സാങ്കേതിക സംരംഭകർ, വ്യവസായ പ്രമുഖർ, ഇൻക്യുബേറ്ററുകൾ തുടങ്ങിയവരെ ഉൾപ്പെടുത്തിയാണ് പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നത്.

ദുബായിലെ സാങ്കേതിക-ബിസിനസ് മേഖലകളെക്കുറിച്ച് മനസിലാക്കുന്നതിനായി നടന്ന ഈ റോഡ്ഷോയിൽ നിരവധി ടെക്നോളജി സംരംഭകർ പങ്കെടുത്തു.

സെൻട്രൽ ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ റഫീസ് റഹ്മത്തുള്ളയും എക്സ്പാൻഡ് നോർത്ത് സ്റ്റാർ സീനിയർ സെയിൽസ് മാനേജർ ജൂലിയൻ ആൻഡേഴ്സൺ ഓൺലൈനായും പങ്കെടുത്ത് സംരംഭകരുമായി സംവദിച്ചു.

സംസ്ഥാന സർക്കാരിൻറെ ഹൈ പവർ ഐടി കമ്മിറ്റി ലീഡ് ഐടി സ്ട്രാറ്റജിസ്റ്റ് ശ്രീനാഥ് ജ്ഞാനേശ്വർ, സെൻട്രൽ ബിസിനസ് ഹെഡ് ഡോവ ഡെവൈദി, സെൻട്രൽ ഓപ്പറേഷൻസ് ആൻഡ് പ്രോജക്ട്സ് ഹെഡ് അബീർ അൽ അലാവി, സെൻട്രൽ പാർട്ണർഷിപ്പ് മാനേജർ ആയിഷ സുഹ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ഇൻഫോപാർക്ക്, സൈബർപാർക്ക്, ടെക്നോപാർക്ക്, സ്റ്റാർട്ടപ്പ് ടി.എൻ, കർണാടക ഡിജിറ്റൽ ഇക്കോണമി മിഷൻ (കെ.ഡി.ഇ.എം), ഹൈലൈറ്റ് ബിസിനസ് പാർക്ക്, കാലിക്കറ്റ് ഫോറം ഫോർ ഐടി (കാഫിറ്റ്), ജി-ടെക്, വേൾഡ് ട്രേഡ് സെൻറർ (തിരുവനന്തപുരം, ബെംഗളൂരു, ചെന്നൈ, കൊച്ചി) തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.



ടെക്നോപാർക്കിൽ നടന്ന ഡെസ്റ്റിനേഷൻ എക്സ്പാൻഡ് നോർത്ത് സ്റ്റാർ' പരിപാടിയിൽ സെൻട്രൽ ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ റഫീസ് റഹ്മത്തുള്ള സംസാരിക്കുന്നു.

കേരളവും ജിസിസി രാജ്യങ്ങളും തമ്മിൽ ചരിത്രപരമായ വ്യാപാര-വാണിജ്യ ബന്ധമുണ്ടെന്ന് റഫീസ് റഹ്മത്തുള്ള പറഞ്ഞു. ഈ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം. ലോകത്തിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് നിക്ഷേപക സംഗമങ്ങളിലൊന്നായ എക്സ്പാൻഡ് നോർത്ത് സ്റ്റാറിനെക്കുറിച്ച് ദക്ഷിണേന്ത്യയിലെ ടെക്നോളജി സംരംഭകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ നഗരങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കും.

കേരള സ്റ്റാർട്ടപ്പ് മിഷൻ എല്ലാ വർഷവും 30 മുതൽ 35 വരെ കമ്പനികളെ ജിടെക്സിൽ പങ്കെടുപ്പിക്കുന്നുണ്ടെന്നും ഇതിലൂടെ നിക്ഷേപവും ധനസമാഹരണവുമായി ബന്ധപ്പെട്ട മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. രണ്ടു വർഷം മുമ്പ് കേരളത്തിലെ ഒരു സ്റ്റാർട്ടപ്പിന് എക്സ്പാൻഡ് നോർത്ത് സ്റ്റാറിലൂടെ ദശലക്ഷക്കണക്കിന് ഡോളറിൻറെ നിക്ഷേപം ലഭിച്ചതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

ദുബായ് വിപണിയിൽ ശരിയായ രീതിയിൽ പ്രവേശിക്കാനും നിക്ഷേപകരുമായി ബന്ധപ്പെടാനും സെൻട്രൽ സംരംഭകരെ സഹായിക്കും. ഇന്ത്യയിൽ നിന്ന് തിരഞ്ഞെടുക്കുന്ന 100 കമ്പനികൾക്കായി പ്രത്യേകമായി ആസൂത്രണം ചെയ്ത പരിപാടികളും സന്ദർശനക്രമവും ഒരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ വലിയ പ്രതിഭാശേഷിയുള്ളതിനാൽ ഇവിടുത്തെ സ്റ്റാർട്ടപ്പുകൾക്കും കമ്പനികൾക്കും നിരവധി അവസരങ്ങളുണ്ടെന്ന് ഇവിടുത്തെ സ്റ്റാർട്ടപ്പുകൾക്കും കമ്പനികൾക്കും നിരവധി അവസരങ്ങളുണ്ടെന്ന് അബീർ അൽ അലാവി പറഞ്ഞു. എക്സ്പാൻഡ് നോർത്ത് സ്റ്റാർ അന്താരാഷ്ട്ര വിപണികളിലേക്ക് കടക്കാനുള്ള പ്രധാന വാതിലാണെന്നും അവർ വ്യക്തമാക്കി.

ഒരു കമ്പനിയുടെ ബിസിനസ് മാതൃകയും യുഎഇയിൽ സംരംഭകർ കൈവരിക്കാൻ ആഗ്രഹിക്കുന്ന ലക്ഷ്യങ്ങളും മനസിലാക്കി ആവശ്യമായ പിന്തുണ നൽകാൻ സെൻട്രലിന് കഴിയുമെന്ന് ഡോവ ഡെവൈദി പറഞ്ഞു. സന്ദർശനത്തിൻറെ പ്രായോഗിക വശങ്ങൾ ആസൂത്രണം ചെയ്യാനും ബിസിനസ് ആരംഭിക്കുന്നതിനുള്ള ആവശ്യകതകൾ മനസിലാക്കാനും യുഎഇയിൽ പ്രവർത്തനം തുടങ്ങുന്നതിനുള്ള സഹായം നൽകാനും സ്ഥാപനം തയ്യാറാണെന്നും അവർ പറഞ്ഞു.

പദ്ധതിയുടെ ഭാഗമായി ഇന്ത്യയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 100 സംരംഭകർക്ക് ദുബായിൽ ഏഴ് ദിവസത്തെ പ്രത്യേക ബിസിനസ് സന്ദർശന പരിപാടി ഒരുക്കും. എക്സ്പാൻഡ് നോർത്ത് സ്റ്റാർ, ജൈടെക്സ് ഗ്ലോബൽ എന്നിവയെ മുൻനിർത്തിയുള്ള ഈ അവസരത്തിലൂടെ നിക്ഷേപകർ, ആഗോള ഉപഭോക്താക്കൾ, വ്യവസായ പങ്കാളികൾ എന്നിവരുമായി നേരിട്ട് ബന്ധപ്പെടാൻ സ്റ്റാർട്ടപ്പുകൾക്ക് സാധിക്കും.

ദുബായ് വേൾഡ് ട്രേഡ് സെൻറർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹോസ്പിറ്റാലിറ്റി ബിസിനസ് ഹബ്ബായ സെൻട്രൽ, എക്സ്പാൻഡ് നോർത്ത് സ്റ്റാർ 2026-ൻറെ ഇക്കോസിസ്റ്റം പാർട്ണർ കൂടിയാണ്. ആധുനിക ഓഫീസ് സൗകര്യങ്ങൾ, ബിസിനസ് പിന്തുണ, ആഗോള ബിസിനസ് ബന്ധങ്ങൾ സ്ഥാപിക്കാനുള്ള അവസരങ്ങൾ എന്നിവയെല്ലാം സെൻട്രൽ ലഭ്യമാക്കുന്നു.

കേരളത്തിൽ ഉടൻ തന്നെ ഓഫീസ് തുറക്കാനുള്ള പദ്ധതികളുമായി മുന്നോട്ട് പോകുകയാണ് സെൻട്രൽ.

## സ്കോളർഷിപ്പിന് അപേക്ഷിക്കാം

സർക്കാർ/ സർക്കാർ എയ്ഡഡ്/ സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മൂന്നു വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) ജനസംഖ്യാനുപാതികമായി 2026-27 സാമ്പത്തിക വർഷം നൽകുന്ന എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ആറായിരം രൂപ വീതമാണ് സ്കോളർഷിപ്പ്. സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടിയ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെ പരിഗണിക്കും. രണ്ടാം വർഷക്കാരെയും മൂന്നാം വർഷക്കാരെയും സ്കോളർഷിപ്പിനായി പരിഗണിക്കും. ഒറ്റത്തവണ മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ. വിവരങ്ങൾക്ക്: www.mwdscholarship.kerala.gov.in, 0471 2300523, 0471 2300524.

## റൂസയിൽ സിസ്റ്റം അനലിസ്റ്റ്: അപേക്ഷ ക്ഷണിച്ചു

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) തിരുവനന്തപുരം സംസ്ഥാന കാര്യാലയത്തിൽ സിസ്റ്റം അനലിസ്റ്റ് തസ്തികയിലെ ഒരു ഒഴിവിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു. സർക്കാർ കോളേജ് (എഞ്ചിനീയറിംഗ്/ആർട്സ് ആന്റ് സയൻസ്), സർക്കാർ പോളിടെക്നിക് എന്നിവിടങ്ങളിൽ സിസ്റ്റം അനലിസ്റ്റ് / കമ്പ്യൂട്ടർ പ്രോഗ്രാമർ, ഇൻസ്ട്രക്ടർ ഗ്രേഡ് ക തസ്തികകളിൽ ജോലി ചെയ്തു വരുന്നവർക്കും എഞ്ചിനീയറിംഗിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദവും പിജിഡിസിഎ സർട്ടിഫിക്കറ്റും അല്ലെങ്കിൽ എം. സി. എ / എം. എസ്. സി കമ്പ്യൂട്ടർ സയൻസ് എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം. ഐഐഐടിഎംകെ കോഴ്സ് സർട്ടിഫിക്കറ്റ് / ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുടെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇ-ഗവേണൻസ് സർട്ടിഫിക്കറ്റ് / പിഎഫ്എംഎസ്സിലെ പരിചയം എന്നിവയിൽ ഏതെങ്കിലും ഒന്ന് അഭിലഷണീയമാണ്. അപേക്ഷകർ മേലധികാരിയുടെ നിരാക്ഷേപപത്രം സഹിതം നിശ്ചിത മാതൃകയിൽ അപേക്ഷ നൽകണം. റൂസ സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ, റൂസ സംസ്ഥാന കാര്യാലയം, ഗവ. സംസ്കൃത കോളേജ് ക്യാമ്പസ്, പാളയം, യൂണിവേഴ്സിറ്റി പി. ഒ. , തിരുവനന്തപുരം 695034 എന്ന വിലാസത്തിൽ തപാൽ മുഖേനയോ keralarusa@gmail. com ഇമെയിൽ വിലാസത്തിലോ അപേക്ഷ സമർപ്പിക്കാം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 24 വൈകിട്ട് അഞ്ച്.

## ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈന എന്നീ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിധവകൾ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള 'ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ' ന്യൂനപക്ഷ ക്ഷേമ വകുപ്പ് ധനസഹായം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരു വീടിന്റെ അറ്റകുറ്റപ്പണികൾക്ക് 50, 000 രൂപയാണ് ധനസഹായം. തുക തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം/പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 സ്ക്വ. ഫീറ്റ് കവിയരുത്.

പ്രത്യേകം തയ്യാറാക്കിയ അപേക്ഷാഫോം മുഖേന അപേക്ഷിക്കണം. അപേക്ഷകയുടെ സ്വന്തം/ പങ്കാളിയുടെ പേരിലുള്ള 2026-27 സാമ്പത്തിക വർഷത്തെ ഭൂമിയുടെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവയോടൊപ്പം വീട് റിപ്പയർ ചെയ്യേണ്ടതിനും, വീടിന്റെ വിസ്തീർണ്ണം തെളിയിക്കുന്നതിനും, മറ്റ് വകുപ്പുകളിൽ നിന്നോ/സമാന ഏജൻസികളിൽ നിന്നോ അപേക്ഷകയ്ക്ക് 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ പുനരുദ്ധാരണത്തിനോ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്നതിനും ആവശ്യമായ സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും അപേക്ഷയോടൊപ്പം ഹാജരാക്കണം. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷ ക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേക്ക് തപാൽ മുഖാന്തിരമോ അപേക്ഷിക്കാം. അപേക്ഷാഫോം www. mwdscholarship. kerala. gov. in ൽ ലഭിക്കും. അപേക്ഷകൾ അതത് ജില്ലാ കളക്ടറേറ്റിൽ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 22.

## പണിക്കർകടവ് പാലം പുനർനിർമാണത്തിന് ഒരുങ്ങുന്നു

കരുനാഗപ്പള്ളി: മത്സ്യത്തൊഴിലാളി ഗ്രാമമായ ആലപ്പാട് പഞ്ചായത്തിനെ കരുനാഗപ്പള്ളിയുമായി ബന്ധിപ്പിച്ച് ആദ്യമായി നിർമിച്ച പണിക്കർകടവ് പാലത്തിൻറെ പുനർനിർമാണത്തിനുള്ള സാധ്യതകൾ തെളിയുന്നു. ആറ് പതിറ്റാണ്ടിലേറെ പഴക്കമുള്ള ഈ പാലം പുനർനിർമിക്കുന്നതുമായി ബന്ധപ്പെട്ട് നിർണായകമായ നടപടികൾ പുരോഗമിക്കുന്നു.ദേശീയ ജലപാത മൂന്നിൻറെ ഭാഗമായ ടി.എസ്. കനാലിനു കുറുകെയാണ് പണിക്കർകടവ് പാലം സ്ഥിതി ചെയ്യുന്നത്. ഐആർഇയുടെ കരിമണൽ മേഖലയായ പണ്ടാരതുരുത്ത്, വെള്ളനാതുരുത്ത് ഭാഗങ്ങളിൽ നിന്നു ലോറികളിൽ കരിമണൽ കയറ്റി കൊണ്ടുപോയിരുന്ന പ്രധാനപാത കൂടിയായിരുന്നു ഇത്. എന്നാൽ, കാലപ്പഴക്കം കാരണം പാലത്തിൻറെ അടിഭാഗത്തെയും സ്പാനുകളിലെയും കോൺക്രീറ്റുകൾ ഇളകി വീഴാൻ തുടങ്ങിയിട്ട് വർഷങ്ങളായി.പാലത്തിന് അഞ്ചു സ്പാനുകളും 128.96 മീറ്റർ നീളവുമുണ്ടായിരിക്കും. പാലത്തിന് 7.5 മീറ്റർ ക്യാരേജ് വേയും ഇരുവശങ്ങളിലുമായി 1.5 മീറ്റർ വീതിയുള്ള നടപ്പാതയും ഉൾപ്പെടുത്തിയിട്ടുണ്ട്. 45 മീറ്റർ സ്പാനിൽ പ്രീസ്ട്രെസ്ഡ് കോൺക്രീറ്റ് ഗർഡറുകളും ആർസിസി സ്ലാബും, 20 മീറ്റർ സ്പാനിൽ ആർസിസി ഗർഡറുകളും ആർസിസി സ്ലാബുകളുമാണ് നൽകിയിട്ടുള്ളത്. ആലപ്പാട് ഭാഗത്ത് 60 മീറ്റർ നീളവും കരുനാഗപ്പള്ളി ഭാഗത്ത് 62 മീറ്റർ നീളവുമുള്ള അപ്രോച്ച് റോഡും എസ്റ്റിമേറ്റിൽ ഉൾപ്പെടുന്നു.

യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ഇൻലാൻഡ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ, നാഷണൽ സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, കോസ്റ്റൽ സോൺ മാനേജ്മെൻറ് എന്നിവയ്ക്കുള്ള അനുബന്ധ ഫീസ് ഉൾപ്പെടെ 21 കോടിയാണ് പദ്ധതിക്ക് കണക്കാക്കുന്നത്. സി.ആർ. മഹേഷ് എംഎൽഎയുടെ ആവശ്യപ്രകാരം വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വിളിച്ചുചേർത്ത യോഗത്തിലാണ് നിർണായക തീരുമാനങ്ങളുണ്ടായത്.

കഴിഞ്ഞ ദിവസം പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയർ കെ.ആർ. ദീപ്തി , അസിസ്റ്റൻറ് എക്സിക്യൂട്ടീവ് രൂപേഷ്, അസിസ്റ്റൻറ് എൻജിനിയർ മിനു സുരേഷ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം പാലം സന്ദർശിക്കുകയും മണ്ണ് പരിശോധന ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.പാലം സന്ദർശനത്തോടനുബന്ധിച്ചും തുടർന്നുള്ള യോഗത്തിലും നഗരസഭ ചെയർമാൻ പി. സോമരാജൻ, ജില്ലാ പഞ്ചായത്ത് അംഗം വരുൺ ആലപ്പാട്, നഗരസഭ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ മുനമ്പത്ത് ഗഫൂർ, കൗൺസിലർമാരായ സിംലാൽ, അശ്വതി, പ്രശാന്ത്, ആലപ്പാട് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സജി സുഗതൻ, അംഗം ശ്രീലാൽ തുടങ്ങിയവർ പങ്കെടുത്തു. ഉൾനാടൻ ജലപാത അതോറിറ്റി ഒഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ക്ലിയറൻസ് നിലവിലെ പാലത്തിന് ഉണ്ടായിരുന്നില്ല. അതിനാലാണ് പുനർനിർമാണം അനിവാര്യമായത്. എത്രയും പെട്ടെന്ന് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കി നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് സി.ആർ. മഹേഷ് എംഎൽഎ വ്യക്തമാക്കി.

## അഭിമുഖം

നാഷണൽ ആയുഷ് മിഷൻ, കാസർഗോഡ് ജില്ലയിൽ ഒഴിവുള്ള മൾട്ടി പർപ്പസ് വർക്കർ തസ്തികയിലേക്ക് ഉദ്യോഗാർഥികളിൽ നിന്നും കരാറടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. ഹയർ സെക്കൻഡറി വിജയവും കമ്പ്യൂട്ടർ പരിജ്ഞാനവും ഉണ്ടായിരിക്കണം. പ്രായപരിധി 40 വയസ്. അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം കാസർഗോഡ് ഡി.പി.എം.എസ്.യുവിൽ ഒക്ടോബർ 29 രാവിലെ 10ന് എത്തിച്ചേരണം. വിവരങ്ങൾക്ക്: 0467-2288106.

## ടെൻഡർ

വെട്ടിക്കവല ഐസിഡിഎസ് പ്രോജക്ട് ഓഫീസ് പരിധിയിലെ അങ്കണവാടികളിലേക്ക് 2026-27 വർഷത്തെ പ്രീസ്കൂൾ കിറ്റ് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് താത്പര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് മത്സര സ്വഭാവമുള്ള മുദ്രവച്ച ടെൻഡർ ക്ഷണിച്ചു. ഒക്ടോബർ 27 ഉച്ചയ്ക്ക് ഒന്നിനകം ടെൻഡർ സമർപ്പിക്കണം. വിവരങ്ങൾക്ക്: 9496363158, icdsvetikavala@gmail.com.

## ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവ്

തിരുവനന്തപുരം ചാല ഗവ. ഐ. ടി. ഐയിൽ ഇൻഡസ്ട്രിയൽ റോബോട്ടിക്സ് ആൻഡ് ഡിജിറ്റൽ മാനുഫാക്ചറിങ് ടെക്നിഷ്യൻ ട്രേഡിൽ നിലവിലുള്ള ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവിലേക്ക് ഓപ്പൺ കാറ്റഗറിയിൽ താത്കാലിക ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനത്തിന് ഒക്ടോബർ 14 ഉച്ചയ്ക്ക് 1.30ന് അഭിമുഖം നടത്തുന്നു. ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുമായി പ്രിൻസിപ്പാൾ മുൻപാകെ അഭിമുഖത്തിന് ഹാജരാകണം. മെക്കാനിക്കൽ/ ഇൻഡസ്ട്രിയൽ/ മെക്കാട്രോണിക്സ്/ ഓട്ടോമേഷൻ & റോബോട്ടിക്സ്/ ഇലക്ട്രോണിക്സ്/ ഇലക്ട്രിക്കൽ വിഷയങ്ങളിലെതെങ്കിലും ബി. വോക് അല്ലെങ്കിൽ എഞ്ചിനീയറിങ് ഡിഗ്രി അല്ലെങ്കിൽ ഈ വിഷയങ്ങളിലെതെങ്കിലും ഒന്നിൽ ഡിപ്ലോമ അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ N. T. C. അല്ലെങ്കിൽ ച. അ. ഇയും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. ഫോൺ: 0471 2459255.

## അപേക്ഷ ക്ഷണിച്ചു

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയിൽ ഒരു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (പി.ജി.ഡി.സി.എ), പോസ്റ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ അപ്ലിക്കേഷൻ (പി ഡി സി എ), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സുകളിലേക്ക് ഹൈബ്രിഡ് പഠനരീതിയിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. താൽപ്പര്യമുള്ളവർ ഒക്ടോബർ 31നകം lbscentre.kerala.gov.in മുഖേന അപേക്ഷ സമർപ്പിക്കണം. ഫോൺ: 0471-2560333.

## ഫലം പ്രസിദ്ധീകരിച്ചു

പരീക്ഷാഭവൻ നടത്തിയ കെ. ജി. ടി. ഇ മെയ് 2026 പരീക്ഷയുടെ റീകൗണ്ടിംഗ് ഫലം https: //kgtexam. kerala. gov. in/kgte_result_may_2026/revaluation. php യിൽ ലഭ്യമാണ്.

## പിന്നാക്ക വിഭാഗ കമ്മിഷൻ സിറ്റിങ്

സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ ഒക്ടോബർ 16 രാവിലെ 11-ന് എറണാകുളം മറൈൻ ഡ്രൈവിലുള്ള ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ സിറ്റിങ് നടത്തും. കടച്ചിക്കൊല്ലൻ സമുദായത്തെ എസ്.ഇ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച നിവേദനം, പടയാച്ചി (കടലൂർ) വിഭാഗത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച വിഷയം, ഗുപ്തൻ സമുദായത്തെ എസ്.ഇ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച നിവേദനം, പാലക്കാട് ജില്ലയിൽ എരുത്തേമ്പതി വില്ലേജിൽ താമസിക്കുന്ന തേവർ അകമുടയർ സമുദായത്തെ ഒ.ബി.സിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കറുപ്പ് സ്വാമി സമർപ്പിച്ച നിവേദനം, ജൈനമതത്തിൽപ്പെട്ടവരെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് വയനാട് ജില്ലാ ജൈന സമാജം കമ്മിഷൻ മുമ്പാകെ സമർപ്പിച്ച നിവേദനം എന്നിവ പരിഗണിക്കും. സിറ്റിങ്ങിൽ കമ്മിഷൻ ചെയർമാൻ ജസ്റ്റിസ് ജി ശശിധരൻ, മെമ്പർമാരായ ഡോ. ബന്നറ്റ് സൈലം പി, സഫിയ വി.ടി. കമ്മിഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

## മനസിൻെറ കടിഞ്ഞാൺ നഷ്ട്പ്പെട്ടവരെ ചേർത്ത് നിർത്തണം: മന്ത്രി

കൊട്ടാരക്കര: സമൂഹത്തിലെ മനസിൻറെ കടിഞ്ഞാൺ നഷ്ട പ്പെട്ടവരെ സ്നേഹത്തോടെ ചേർത്ത് നിർത്തണമെന്നും അതിസമ്മർദങ്ങളുടെ ചൂടേറ്റ് വാടിത്തളരുന്ന ആളുകൾക്ക് ആശ്വാസം നൽകാൻ സാധിച്ചാൽ മാത്രമേ മാനവികതയ്ക്ക് അർഥമുള്ളുവെന്നും മന്ത്രി പി.സി. വിഷ്ണുനാഥ്.

കൊട്ടാരക്കര ആശ്രയയുടെ നേതൃത്വത്തിൽ കലയപുരം ആശ്രയ സങ്കേതത്തിൽ നടന്ന ലോക മാനസികാരോഗ്യ ദിനാചരണവും സേവാരത്ന പുരസ്കാര സമർപ്പണവും നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു മന്ത്രി. ആശ്രയ ഏർപ്പെടുത്തിയ 10001 രൂപയും മെമൻറോയും അടങ്ങുന്ന സേവാരത്ന പുരസ്കാരം കൊല്ലം ജില്ലാ മെൻറൽ ഹെൽത്ത് പ്രോഗ്രാം നോഡൽ ഓഫിസർ ഡോ. ബി.എസ്. മിനിയ്ക്ക് ചടങ്ങിൽ മന്ത്രി സമ്മാനിച്ചു. ആശ്രയ വൈസ് പ്രസിഡൻറ് പട്ടാഴി ജി. മുരളീധരൻ മാസ്റ്ററുടെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എസ്. ആർ. അരുൺബാബു മുഖ്യാതിഥിയായിരുന്നു. ജില്ലാ മെൻറൽ ഹെൽത്ത് പ്രോഗ്രാം ഓഫിസറും സൈക്യാട്രിസ്റ്റുമായ ഡോ. എസ്. ജയേന്ദു ക്ലാസ് നയിച്ചു.

മൈലം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ദിവ്യ ചന്ദ്രശേഖർ , വാർഡ് മെമ്പർമാരായ ഷീബ അജോയ്, സാലമ്മ ടീച്ചർ, കൊട്ടാരക്കര ബാർ അസോസിയേഷൻ പ്രസിഡൻറ് അഡ്വ. ജി. ചന്ദ്രശേഖരൻ പിള്ള, കലയപുരം ജോസ്, ജി. ചന്ദ്രശേഖരൻ പിള്ള , കെ.ജി. അലക്സാണ്ടർ തുടങ്ങിയവർ പ്രസംഗിച്ചു.

# യുഎഇയുടെ ഛിന്നഗ്രഹ പര്യവേഷണ ദൗത്യത്തിനായുള്ള 'സ്പേസ്ക്രാഫ്റ്റ് ബസ്' നിർമ്മിച്ച് ടെക്നോപാർക്ക് ആസ്ഥാനമായ ഹെക്സ്20ദുബായ് കിരീടാവകാശിക്ക് മുന്നിൽ അവതരിപ്പിച്ചു

തിരുവനന്തപുരം: ടെക്നോപാർക്ക്-ആസ്ഥാനമായ സ്പേസ്ടെക് സ്റ്റാർട്ടപ്പും സ്വകാര്യ മേഖലയിൽ ഇന്ത്യയുടെ ആദ്യ ഉപഗ്രഹം നിർമ്മിച്ച സ്ഥാപനവുമായ ഹെക്സ്20 യെ ഛിന്നഗ്രഹ പര്യവേഷണ പേടകം വികസിപ്പിക്കുന്നതിനായി യുഎഇ ബഹിരാകാശ ഏജൻസി തിരഞ്ഞെടുത്തു. യുഎഇയുടെ ബഹിരാകാശ ദൗത്യത്തിൽ പങ്കാളിയാകുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ സ്വകാര്യ കമ്പനിയായി ഇതോടെ ഹെക്സ്20 മാറി.

കമ്പനി വികസിപ്പിച്ച ഛിന്നഗ്രഹ പര്യവേഷണ പേടകത്തിൻറെ പ്രധാന ഘടനയും അടിസ്ഥാന സംവിധാനങ്ങളും സോഫ്റ്റ് വെയറും ദുബായ് കിരീടാവകാശിയും ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന് മുന്നിൽ അവതരിപ്പിച്ചു.

ഛിന്നഗ്രഹ പര്യവേഷണ പേടകം നിർമ്മിക്കുന്നതിനായി ടെക്നോളജി ഇന്നോവേഷൻ ഇൻസ്റ്റിറ്റ്യൂട്ടും (ടിഐഐ) യുഎഇ ബഹിരാകാശ ഏജൻസിയും ചേർന്ന് 2024 നവംബറിൽ നടത്തിയ ഡിസൈൻ വർക്ക്ഷോപ്പിന് ശേഷമാണ് ഹെക്സ്20 യെ തിരഞ്ഞെടുത്തത്.



ഹെക്സ്20 വികസിപ്പിച്ച ഛിന്നഗ്രഹ പര്യവേഷണ പേടകം ദുബായ് കിരീടാവകാശിയും ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം വീക്ഷിക്കുന്നു.

തിരുവനന്തപുരം ടെക്നോപാർക്കിൽ എഞ്ചിനീയറിംഗ് വിഭാഗവും മസ്ദാർ സിറ്റിയിൽ യുഎഇ പ്രവർത്തന കേന്ദ്രവുമുള്ള ഹെക്സ്20 ഈ ബൃഹത്തായ ഗ്രഹാന്തര ദൗത്യത്തിൽ തങ്ങളുടെ ബഹിരാകാശ എഞ്ചിനീയറിംഗ് വൈദഗ്ധ്യം പ്രയോജനപ്പെടുത്തും.

ബഹിരാകാശത്തിൻറെ വിദൂര മേഖലകളിലെ കഠിനമായ സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുന്ന നൂതനമായ ഓൺ-ബോർഡ് കമ്പ്യൂട്ടറും പവർ സിസ്റ്റവും ഹെക്സ്20 വികസിപ്പിച്ചിട്ടുണ്ട്. ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ടും ദൗത്യത്തിൻറെ ആവശ്യകതകൾ നിറവേറ്റിക്കൊണ്ടും 15 മാസത്തിനുള്ളിലാണ് കമ്പനി ഈ സേവനം പൂർത്തിയാക്കിയത്.

ഈ നേട്ടം വെല്ലുവിളി നിറഞ്ഞ ദൗത്യങ്ങൾക്കായി ബഹിരാകാശ പേടക സംവിധാനങ്ങൾ എത്തിക്കുന്നതിൽ ഹെക്സ്20യുടെ കഴിവുകൾ എടുത്തുകാണിക്കുന്നുവെന്ന് ഹെക്സ്20 സിഇഒ അമൽ ചന്ദ്രൻ പറഞ്ഞു. ടിഐഐയുടെ പ്രൊപ്പൽഷൻ ആൻഡ് സ്പേസ് റിസർച്ച് സെൻറർ, യുഎഇ സ്പേസ് ഏജൻസി, ഹെക്സ്20, ഖലീഫ യൂണിവേഴ്സിറ്റി, യുഎഇ യൂണിവേഴ്സിറ്റിയുടെ നാഷണൽ സ്പേസ് സയൻസ് ആൻഡ് ടെക്നോളജി സെൻറർ എന്നിവർ സംയുക്തമായാണ് അബുദാബിയിൽ വെച്ച് പര്യവേഷണ പേടകം കൂട്ടിയോജിപ്പിച്ചത്. എംബിആർ എക്സ്പ്ലോററുമായി സംയോജിപ്പിക്കുന്നതിനായി ഇത് കൊളറാഡോയിലേക്ക് കൊണ്ടുപോകും. 2028 മാർച്ചിൽ വിക്ഷേപിക്കാൻ നിശ്ചയിച്ചിട്ടുള്ള എംബിആർ എക്സ്പ്ലോറർ എട്ട് വർഷത്തിനുള്ളിൽ ഏകദേശം അഞ്ച് ബില്യൺ കിലോമീറ്റർ സഞ്ചരിക്കും. ശുക്രൻ, ഭൂമി, ചൊവ്വ എന്നിവയുടെ ഗുരുത്വാകർഷണ സഹായത്തോടെയുള്ള സഞ്ചാരപാതയിലൂടെ ഇത് പ്രധാന ഛിന്നഗ്രഹ വലയത്തിലേക്ക് പ്രവേശിക്കും. അവിടെ ആറ് ഛിന്നഗ്രഹങ്ങളെ പിന്നിട്ട ശേഷം അന്തിമ ലക്ഷ്യസ്ഥാനമായ 269 ജസ്റ്റിഷ്യ എന്ന ഛിന്നഗ്രഹത്തിലെത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എംബിആർ എക്സ്പ്ലോറർ 269 ജസ്റ്റിഷ്യയുടെ ഭ്രമണപഥത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ പേടകം വേർപെടുകയും സ്വതന്ത്രമായി പ്രവർത്തിക്കുകയും ചെയ്യും.

269 ജസ്റ്റിഷ്യയുടെ ഉപരിതലത്തെക്കുറിച്ച് പഠിക്കുന്നതിലൂടെ സൗരയൂഥത്തിൻറെ രൂപീകരണകാലത്ത് ജൈവ വസ്തുക്കളുടെയും ജലത്തിൻറെയും മറ്റ് അസ്ഥിര പദാർത്ഥങ്ങളുടെയും വിതരണത്തെക്കുറിച്ചുള്ള തെളിവുകൾ നൽകാനായേക്കും.

എംബിആർ എക്സ്പ്ലോറർ ദൗത്യ നിയന്ത്രണ കേന്ദ്രവുമായി ബന്ധത്തിൽ തുടരുമ്പോൾ പേടകം അതിൻറെ ഓൺബോർഡ് പ്രോഗ്രാം ഭൂമിയിലെ ഓപ്പറേറ്റർമാരുടെ നിയന്ത്രണമില്ലാതെ സ്വതന്ത്രമായി നിർവഹിക്കണം. സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ സ്വയം നിയന്ത്രണ ശേഷി ഹെക്സ്20 വികസിപ്പിച്ചെടുത്ത ഒരു സുപ്രധാന കഴിവാണ്. ഭൂമിയിലെ വിവിധ നിരീക്ഷണ ആവശ്യങ്ങൾക്കും ഇത് പ്രയോജനപ്പെടുത്താം.

അമേരിക്ക, യുഎഇ, തായ് വാൻ എന്നിവിടങ്ങളിൽ ഹെക്സ്20 യ്ക്ക് സാന്നിധ്യമുണ്ട്. പേലോഡ്-അഗ്നോസ്റ്റിക് ആയ സാറ്റലൈറ്റ് പ്ലാറ്റ് ഫോമുകൾ നിർമ്മിക്കുന്ന കമ്പനി 'സാറ്റലൈറ്റ് മിഷൻ-ആസ്-എ-സർവീസ്', ഭ്രമണപഥത്തിലെ പരീക്ഷണങ്ങൾക്കുള്ള പേലോഡ് ഹോസ്റ്റിംഗ് സൗകര്യങ്ങൾ എന്നിവയും ലഭ്യമാക്കുന്നു.

# നെടുങ്ങോലം താലൂക്ക് ആശുപത്രി മോർച്ചറിയിൽ മൃതദേഹം അഴുകിയ നിലയിൽ

പരവൂർ: നെടുങ്ങോലം താലൂക്ക് ആശുപത്രി മോർച്ചറിയിലെ ഫ്രീസറിൽ സൂക്ഷിച്ചിരുന്ന മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി പുറത്തെടുത്തപ്പോൾ അഴുകിയ നിലയിൽ. പ്രതിഷേധിച്ച ബന്ധുക്കളും നാട്ടുകാരും ആശുപത്രി ഉപരോധിക്കുകയും മോർച്ചറിക്കു മുന്നിൽ റീത്ത് വയ്ക്കുകയും ചെയ്തു.

വ്യാഴാഴ്ച പരവൂർ പെരുമ്പുഴ യക്ഷിക്കാവ് ഭാഗത്ത് കായലിൽ മരിച്ച നിലയിൽ കണ്ടെത്തിയ പെരുമ്പുഴ ചരുവിള വീട്ടിൽ പ്രസന്നകുമാറിൻറെ മൃതദേഹമാണ് അഴുകിയത്. 16 മണിക്കൂർ മോർച്ചറിയിൽ സൂക്ഷിച്ച മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ഇന്നലെ രാവിലെ പുറത്തെടുത്തപ്പോൾ ദുർഗന്ധം അനുഭവപ്പെടുംവിധം അഴുകിയിരുന്നു. തുടർന്ന് ബന്ധുക്കൾ പാരിപ്പള്ളി ആശുപത്രിയിൽ എത്തിച്ചു. പോസ്റ്റ്മോർട്ടത്തിന് ശേഷം പൂർണമായും മൂടിക്കെട്ടി വീട്ടിൽ കൊണ്ടുവന്ന് സംസ്കരിച്ചു. തുടർന്നായിരുന്നു പ്രതിഷേധം. പരവൂർ പൊലിസും ആശുപത്രി അധികൃതരും തമ്മിൽ നടത്തിയ ചർച്ചയെ തുടർന്ന്, അന്വേഷണം നടത്തുമെന്ന മെഡിക്കൽ ഓഫിസറുടെ ഉറപ്പിൻറെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചു.

2017ൽ നവീകരണം നടത്തി ഉദ്ഘാടനം ചെയ്ത മോർച്ചറിയുടെ ഫ്രീസർ സംവിധാനത്തിൽ കൃത്യമായ സർവീസ് ഉണ്ടായിട്ടില്ലെന്ന് ആരോപണമുണ്ട്. പലപ്പോഴും പ്രവർത്തന രഹിതമാവാറുണ്ടെന്ന് ആശുപത്രി അധികൃതർ തന്നെ സമ്മതിക്കുന്നു. രാവിലെ ഒൻപത് മുതൽ വൈകുന്നേരം അഞ്ചുവരെ ജോലി ചെയ്യുന്ന ഒരു താത്കാലിക ജീവനക്കാരിയാണ് മോർച്ചറി അറ്റൻഡർ.

മറ്റ് സമയങ്ങളിൽ സെക്യൂരിറ്റി ജീവനക്കാരനാണ് മേൽനോട്ടം. നിലവിൽ ഒരു അജ്ഞാത മൃതദേഹമാണ് ഇവിടെ ഫ്രീസറിൽ ഉള്ളത്. മോർച്ചറിയിലെ ശീതികരണ സംവിധാനത്തിലെ തകരാർ മൂലം മൃതദേഹങ്ങൾ സൂക്ഷിക്കാൻ വൻ തുക നൽകി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥയിലാണ് ജനങ്ങൾ. ഒരേ സമയം നാല് മൃതദേഹങ്ങൾ വരെ സൂക്ഷിക്കാൻ സൗകര്യമുള്ളതാണ് ഈ മോർച്ചറി.

പരവൂർ, പൂതക്കുളം, ചാത്തന്നൂർ മേഖലകളിലെ പാവപ്പെട്ടവരാണ് ആശുപത്രിയെ കൂടുതലായും ആശ്രയിക്കുന്നത്. മോർച്ചറി തകരാറിലായതോടെ ആശുപത്രിയിൽ എത്തുന്നവരും ജീവനക്കാരുമായി വാക്കേറ്റവും പതിവാണ്. അറ്റകുറ്റപ്പണികൾ ചെയ്യേണ്ട ഉത്തരവാദിത്തം പരവൂർ മുൻസിപ്പൽ ഭരണസമിതിക്കാണ്.

സംഭവത്തിൽ ഡിഎംഒ റിപ്പോർട്ട് തേടിയിട്ടുണ്ട്. അതേ സമയം, മൃതദേഹം സൂക്ഷിച്ചതിൽ വീഴ്ചയൊന്നും സംഭവിച്ചിട്ടില്ലെന്നാണ് ആശുപത്രി അധികൃതരുടെ വിശദീകരണം. താലൂക്ക് ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന ഫ്രീസറുകൾക്ക് കാലപ്പഴക്കമുണ്ടായിരുന്നുവെന്ന വിവരവും പുറത്തുവന്നു.എന്നാൽ ഈ മൃതദേഹം സൂക്ഷിച്ചിരുന്നത് തകരാറുകളില്ലാത്ത മൊബൈൽ ഫ്രീസറിലാണെന്നും പോസ്റ്റ്മോർട്ടത്തിനായി എടുത്തപ്പോൾ താപനില മൈനസ് 3 ഡിഗ്രി സെൽഷ്യസ് ആയിരുന്നു എന്നും ആശുപത്രി അധികൃതർ പറയുന്നു.

## സ്വകാര്യ ബസ് ഡ്രൈവർക്ക് ദേഹാസ്വാസ്ഥ്യം; ബസ് ട്രാൻസ്ഫോർമറിലേക്ക് ഇടിച്ചു കയറി

കൊട്ടാരക്കര: കൊട്ടാരക്കര - പുത്തൂർ റോഡിൽ സ്വകാര്യ ബസ് ട്രാൻസ്ഫോർമറിലേക്കു ഇടിച്ചു കയറി അപകടം. കഴിഞ്ഞ ദിവസം രാവിലെ കൊട്ടാരക്കരയിൽ നിന്നും അടൂരിന് പോകുന്ന സൊസൈറ്റി ബസ് കോട്ടത്തല സരിഗ ജംഗ്ഷന് സമീപം ബസ് ഡ്രൈവർ പുത്തൂർ എസ്എൻ പുരം മീര ഭവനിൽ രതീഷ് (43)ന് ഉണ്ടായ ശാരീരിക അസ്വാസ്ഥ്യത്തെ തുടർന്ന് എതിർ ദിശയിലെ ട്രാൻഫോർമറിലേക്ക് ബസ് ഇടിച്ചുകയറുകയായിരുന്നു.

ഡ്രൈവർ രതീഷിനെ ചെറിയ പരിക്കുകളോടെ കൊട്ടാരക്കര താലുക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സമീപത്ത് സ്ഥിതി ചെയ്യുന്ന പെട്രോൾ പമ്പിലേക്ക് ബസ് പോകാതിരുന്നതിനാൽ വലിയ അപകടം ഒഴിവായി. ട്രാൻഫോർമാറും ബസും പൂർണമായി

## കർഷകരെ വേട്ടയാടുന്ന ജപ്തി നടപടികൾ അവസാനിപ്പിക്കണം: ആം ആദ്മി പാർട്ടി

പുൽപ്പള്ളി: വയനാട്ടിലെ കർഷകർ കടുത്ത കാർഷിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്പോൾ ബാങ്കുകൾ ജപ്തി നടപടികളിലൂടെ അവരെ കൂടുതൽ വേട്ടയാടുന്ന സമീപനം അവസാനിപ്പിക്കണമെന്ന് ആം ആദ്മി പാർട്ടി ബത്തേരി മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

കാലാവസ്ഥാ വ്യതിയാനം, കടുത്ത വരൾച്ച, ഉത്പാദനത്തിലെ വൻ ഇടിവ്, കാർഷിക വിളകളുടെ വിലത്തകർച്ച തുടങ്ങിയ പ്രതിസന്ധികളിൽപ്പെട്ട് കർഷകർ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയിലാണ്. പുൽപ്പള്ളി, മുള്ളൻകൊല്ലി, പൂതാടി മേഖലകളിൽ കർഷകരുടെ വിളകൾ പോലും സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യത്തിൽ തിരിച്ചടവ് മുടങ്ങിയതിൻറെ പേരിൽ ജപ്തി നടപടികളുമായി ബാങ്കുകൾ മുന്നോട്ടുപോകുന്നത് മനുഷ്യത്വരഹിതവും കർഷകവിരുദ്ധവുമായ നടപടിയാണെന്ന് കമ്മിറ്റി കുറ്റപ്പെടുത്തി. കർഷകൻ പ്രതിസന്ധിയിലാകുന്പോൾ ജപ്തിയല്ല സർക്കാർ സംരക്ഷണമാണ് വേണ്ടത്.കർഷകരുടെ ദുരിതകാലത്ത് പ്രഖ്യാപിക്കുന്ന മൊറട്ടോറിയം പലിശയും മറ്റ് ബാധ്യതകളും വർധിപ്പിച്ച് കർഷകരെ വീണ്ടും വീണ്ടും കടക്കെണിയിലേക്ക് തള്ളിവിടുന്ന ബാങ്കിംഗ് നയം അടിയന്തരമായി തിരുത്തണം.വൻകിട കോർപ്പറേറ്റുകൾക്കും സന്പന്നർക്കും കോടിക്കണക്കിന് രൂപയുടെ വായ്പ ഇളവുകളും കടം എഴുതിത്തള്ളലുകളും നൽകാൻ തയാറാകുന്ന കേന്ദ്ര സർക്കാരും ബാങ്കിംഗ് സംവിധാനവും സാധാരണ കർഷകരുടെ ചെറിയ വായ്പകൾക്ക് നേരെ പോലും ജപ്തിയുടെ വാൾ ഉയർത്തുന്നത് ഇരട്ടനീതിയുടെ ഏറ്റവും വലിയ ഉദാഹരണമാണ്. രാജ്യത്തിൻറെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്ന കർഷകരെ സംരക്ഷിക്കേണ്ട സർക്കാർ അവരുടെ ഭൂമിയും വീടും ജപ്തി ചെയ്യാൻ ബാങ്കുകൾക്ക് അവസരം നൽകുന്നത് അംഗീകരിക്കാനാകില്ല.കർഷകരുടെ കാർഷിക വായ്പകൾ പൂർണമായി എഴുതിത്തള്ളാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തര നടപടി സ്വീകരിക്കണം. അല്ലാത്തപക്ഷം കർഷകരുടെ അവകാശങ്ങൾക്കായി ശക്തമായ ജനകീയ സമരവുമായി ആം ആദ്മി പാർട്ടി മുന്നോട്ടുപോകുമെന്ന് മണ്ഡലം കമ്മിറ്റി മുന്നറിയിപ്പ് നൽകി. ബത്തേരി മണ്ഡലം പ്രസിഡൻറ് ലിയോ കൊല്ലവേലിൽ യോഗം ഉദ്ഘാടനം ചെയ്തു. മണ്ഡലം സെക്രട്ടറി കെ.പി. ജേക്കബ് അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി പോൾസൺ അന്പലവയൽ, ഇ.വി. തോമസ്, പീറ്റർ ചെതലയം, ആൻറണി പൂത്തോട്ടാൽ, തോമസ് ഒറ്റക്കുന്നേൽ, സിനി ആൻറണി, എൻ.വി. പ്രകൃതി, വർഗീസ് കുരിശുവിളയിൽ, എ.എം. ചാക്കോ, ഉലഹന്നാൻ മേമാട്ട്, അജി കാഞ്ഞിരക്കാട്ട്, സിനോജ് കാനാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

## ട്രെയിൻതട്ടി നേപ്പാൾ സ്വദേശി മരിച്ചു

കണ്ണൂർ: ട്രെയിൻ തട്ടി നേപ്പാൾ സ്വദേശി മരിച്ചു. പ്രീതം (35) ആണ് മരിച്ചത്. താഴെചൊവ്വയിലെ മൈഡൻ ഫെസിലിറ്റി മാനേജ്മെൻറിൽ ഹൗസ് കീപ്പിംഗ് ജീവനക്കാരനായിരുന്നു. താഴെചൊവ്വ ഗേറ്റിന് സമീപമാണ് ജനശതാബ്ദി എക്സ്പ്രസ് തട്ടി മരിച്ചനിലയിൽ കണ്ടെത്തിയത്. ടൗൺ പൊലിസ് സ്ഥലത്തെത്തി മൃതദേഹം കണ്ണൂർ ജില്ലാ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

# ലോകത്തെ മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ മൂന്നാംതവണയും ഡോ. സിനോഷ് സ്കറിയാച്ചൻ

രാജപുരം: ലോകത്തിലെ മികച്ച രണ്ടു ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ തുടർച്ചയായി മൂന്നാം തവണയും ഇടം നേടി രാജപുരം സെൻറ് പയസ് ടെൻത് കോളജിലെ മൈക്രോബയോളജി വിഭാഗം അസി. പ്രഫസർ ഡോ. സിനോഷ് സ്കറിയാച്ചൻ. അമേരിക്കയിലെ സ്റ്റാൻഫോർഡ് സർവകലാശാലയും എൽസിവിയർ പ്രസാധക സ്ഥാപനവും സംയുക്തമായി പ്രസിദ്ധീകരിച്ച ഈ വർഷത്തെ പട്ടികയിലാണ് ബയോമെഡിക്കൽ റിസർച്ച് വിഭാഗത്തിലെ മൈക്രോബയോളജി ഉപമേഖലയിൽ ഡോ. സിനോഷ് ശ്രദ്ധേയമായ നേട്ടം കൈവരിച്ചത്. കഴിഞ്ഞ രണ്ടു വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ റാങ്കിംഗിൽ 1,186 സ്ഥാനങ്ങളുടെ പുരോഗതി കൈവരിച്ചാണ് അദ്ദേഹം ഇത്തവണ പട്ടികയിൽ മുന്നിലെത്തിയത്. തുടർച്ചയായി മൂന്നു തവണ ലോകത്തിലെ മികച്ച രണ്ടുശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടം നേടിയ കേരളത്തിലെ ശ്രദ്ധേയരായ യുവ ഗവേഷകരിൽ ഒരാളാണ് ഡോ. സിനോഷ്.

150ലേറെ ഗവേഷണ പ്രബന്ധങ്ങൾ അന്താരാഷ്ട്ര നിലവാരമുള്ള ശാസ്ത്ര ജേണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അദ്ദേഹത്തിന് 3,000 ത്തിലധികം സൈറ്റേഷനുകളും ലഭിച്ചിട്ടുണ്ട്. ബയോഇൻഫോർമാറ്റിക്സ്, കംപ്യൂട്ടേഷണൽ ബയോളജി, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്നിവ പ്രയോജനപ്പെടുത്തി ആരോഗ്യരംഗം നേരിടുന്ന പ്രധാന വെല്ലുവിളിയായ ആൻറിമൈക്രോബിയൽ റെസിസ്റ്റൻസ് (എഎംആർ ) നിയന്ത്രിക്കുന്നതിനുള്ള നൂതന ഗവേഷണങ്ങളിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

മരുന്നുകളെ പ്രതിരോധിക്കുന്ന രോഗാണുക്കൾക്കെതിരെ ദക്ഷിണേന്ത്യയിൽ ലഭ്യമായ ഔഷധസസ്യങ്ങളിൽനിന്നും സമുദ്രത്തിലെ പ്രത്യേകതരം കടൽ സ്പോഞ്ചുകളുമായി സഹജീവിതം പുലർത്തുന്ന സൂക്ഷ്മജീവികളിൽനിന്നും പുതിയ ബയോആക്റ്റീവ് സംയുക്തങ്ങൾ കണ്ടെത്തുന്നതിനും അവയുടെ ഔഷധസാധ്യതകൾ കംപ്യൂട്ടേഷണൽ രീതികളിലൂടെ വിലയിരുത്തുന്നതിനുമുള്ള പഠനങ്ങൾ അദ്ദേഹത്തിൻറെ ഗവേഷണരംഗത്ത് ശ്രദ്ധേയമാണ്. പ്രത്യേകതരം സൂക്ഷ്മജീവികളിൽനിന്നുള്ള എൻസൈമുകൾ ഉപയോഗിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ജൈവനിർമാർജനം, സമുദ്ര പരിസ്ഥിതിയിൽ കാണപ്പെടുന്ന ആക്ടിനോബാക്ടീരിയകളുടെ പ്രയോജന സാധ്യതകൾ, പ്രോബയോട്ടിക്കുകൾ, രോഗാണുക്കളുടെ ഔഷധ പ്രതിരോധ ശേഷി എന്നിവയും അദ്ദേഹത്തിൻറെ ഗവേഷണ മേഖലകളിൽ ഉൾപ്പെടുന്നു.

കോയമ്പത്തൂരിലെ ഭാരതിയാർ സർവകലാശാലയിൽ നിന്നു മൈക്രോബയോളജിയിലും ബയോഇൻഫോർമാറ്റിക്സിലും രണ്ട് ബിരുദാനന്തര ബിരുദങ്ങൾ നേടിയ ഡോ. സിനോഷ്, കർണാടകയിലെ വിശ്വേശ്വരയ്യ സാങ്കേതിക സർവകലാശാലയിൽ നിന്നു ബയോടെക്നോളജിയിൽ ഡോക്ടറേറ്റ് നേടി. ദേശീയ, അന്തർദേശീയ തലങ്ങളിലായി 300-ലേറെ സെമിനാറുകളിലും കോൺഫറൻസുകളിലും പങ്കെടുത്ത അദ്ദേഹം നിരവധി വേദികളിൽ ക്ഷണിത പ്രഭാഷകനായും ഗവേഷണ പ്രബന്ധ അവതാരകനായും പ്രവർത്തിച്ചിട്ടുണ്ട്.ഗീഹഹമാ

നെടുങ്ങോലം താലൂക്ക് ആശുപത്രി മോർച്ചറിയിൽ മൃതദേഹം അഴുകിയ നിലയിൽ

പരവൂർ: നെടുങ്ങോലം താലൂക്ക് ആശുപത്രി മോർച്ചറിയിലെ ഫ്രീസറിൽ സൂക്ഷിച്ചിരുന്ന മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി പുറത്തെടുത്തപ്പോൾ അഴുകിയ നിലയിൽ. പ്രതിഷേധിച്ച ബന്ധുക്കളും നാട്ടുകാരും ആശുപത്രി ഉപരോധിക്കുകയും മോർച്ചറിക്കു മുന്നിൽ റീത്ത് വയ്ക്കുകയും ചെയ്തു.

വ്യാഴാഴ്ച പരവൂർ പെരുമ്പുഴ യക്ഷിക്കാവ് ഭാഗത്ത് കായലിൽ മരിച്ച നിലയിൽ കണ്ടെത്തിയ പെരുമ്പുഴ ചരുവിള വീട്ടിൽ പ്രസന്നകുമാറിൻറെ മൃതദേഹമാണ് അഴുകിയത്. 16 മണിക്കൂർ മോർച്ചറിയിൽ സൂക്ഷിച്ച മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ഇന്നലെ രാവിലെ പുറത്തെടുത്തപ്പോൾ ദുർഗന്ധം അനുഭവപ്പെടുംവിധം അഴുകിയിരുന്നു. തുടർന്ന് ബന്ധുക്കൾ പാരിപ്പള്ളി ആശുപത്രിയിൽ എത്തിച്ചു. പോസ്റ്റ്മോർട്ടത്തിന് ശേഷം പൂർണമായും മൂടിക്കെട്ടി വീട്ടിൽ കൊണ്ടുവന്ന് സംസ്കരിച്ചു. തുടർന്നായിരുന്നു പ്രതിഷേധം. പരവൂർ പൊലിസും ആശുപത്രി അധികൃതരും തമ്മിൽ നടത്തിയ ചർച്ചയെ തുടർന്ന്, അന്വേഷണം നടത്തുമെന്ന മെഡിക്കൽ ഓഫിസറുടെ ഉറപ്പിൻറെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചു.

2017ൽ നവീകരണം നടത്തി ഉദ്ഘാടനം ചെയ്ത മോർച്ചറിയുടെ ഫ്രീസർ സംവിധാനത്തിൽ കൃത്യമായ സർവീസ് ഉണ്ടായിട്ടില്ലെന്ന് ആരോപണമുണ്ട്. പലപ്പോഴും പ്രവർത്തന രഹിതമാവാറുണ്ടെന്ന് ആശുപത്രി അധികൃതർ തന്നെ സമ്മതിക്കുന്നു. രാവിലെ ഒന്പത് മുതൽ വൈകുന്നേരം അഞ്ചുവരെ ജോലി ചെയ്യുന്ന ഒരു താത്കാലിക ജീവനക്കാരിയാണ് മോർച്ചറി അറ്റൻഡർ.

മറ്റ് സമയങ്ങളിൽ സെക്യൂരിറ്റി ജീവനക്കാരനാണ് മേൽനോട്ടം. നിലവിൽ ഒരു അജ്ഞാത മൃതദേഹമാണ് ഇവിടെ ഫ്രീസറിൽ ഉള്ളത്. മോർച്ചറിയിലെ ശീതികരണ സംവിധാനത്തിലെ തകരാർ മൂലം മൃതദേഹങ്ങൾ സൂക്ഷിക്കാൻ വൻ തുക നൽകി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥയിലാണ് ജനങ്ങൾ. ഒരേ സമയം നാല് മൃതദേഹങ്ങൾ വരെ സൂക്ഷിക്കാൻ സൗകര്യമുള്ളതാണ് ഈ മോർച്ചറി.

പരവൂർ, പൂതക്കുളം, ചാത്തന്നൂർ മേഖലകളിലെ പാവപ്പെട്ടവരാണ് ആശുപത്രിയെ കൂടുതലായും ആശ്രയിക്കുന്നത്. മോർച്ചറി തകരാറിലായതോടെ ആശുപത്രിയിൽ എത്തുന്നവരും ജീവനക്കാരുമായി വാക്കേറ്റവും പതിവാണ്. അറ്റകുറ്റപ്പണികൾ ചെയ്യേണ്ട ഉത്തരവാദിത്തം പരവൂർ മുൻസിപ്പൽ ഭരണസമിതിക്കാണ്.

സംഭവത്തിൽ ഡിഎംഒ റിപ്പോർട്ട് തേടിയിട്ടുണ്ട്. അതേസമയം, മൃതദേഹം സൂക്ഷിച്ചതിൽ വീഴ്ചയൊന്നും സംഭവിച്ചിട്ടില്ലെന്നാണ് ആശുപത്രി അധികൃതരുടെ വിശദീകരണം. താലൂക്ക് ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന ഫ്രീസറുകൾക്ക് കാലപ്പഴക്കമുണ്ടായിരുന്നുവെന്ന വിവരവും പുറത്തുവന്നു.

എന്നാൽ ഈ മൃതദേഹം സൂക്ഷിച്ചിരുന്നത് തകരാറുകളില്ലാത്ത മൊബൈൽ ഫ്രീസറിലാണെന്നും പോസ്റ്റ്മോർട്ടത്തിനായി എടുത്തപ്പോൾ താപനില മൈനസ് 3 ഡിഗ്രി സെൽഷ്യസ് ആയിരുന്നു എന്നും ആശുപത്രി അധികൃതർ പറയുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഏഴാം ധനകാര്യക്കമ്മീഷന്റെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു

2027–28 മുതൽ 2030–31 വരെയുള്ള കാലയളവിൽ പ്രാദേശിക സർക്കാരുകൾക്ക് കൈമാറേണ്ട ധനവിഭവങ്ങൾ സംബന്ധിച്ച് ഏഴാം ധനകാര്യക്കമ്മീഷൻ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർക്ക് റിപ്പോർട്ട് സമർപ്പിച്ചു. ധനക്കമ്മീഷൻ ചെയർമാൻ പ്രൊഫ. കെ. എൻ. ഹരിലാൽ, കമ്മീഷൻ അംഗങ്ങൾ കെ. ആർ. ജ്യോതിലാൽ, ടി. വി. അനുപമ തുടങ്ങയവർ ചടങ്ങിൽ സംബന്ധിച്ചു. ഏഴാം ധനക്കമ്മീഷന്റെ മൂന്നാമത് റിപ്പോർട്ടാണ് ഇപ്പോൾ സമർപ്പിച്ചത്.

വിഭവവിതരണത്തിന്റെ മാനദണ്ഡങ്ങളിൽ ചില മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. തദ്ദേശസ്ഥാപനത്തിന്റെ ജനസംഖ്യ, വിസ്തൃതി എന്നിവയോടൊപ്പം നഗരവത്കരണത്തെ സൂചിപ്പിക്കുന്ന ജനസാന്ദ്രത, ജനസംഖ്യാ പരിണാമത്തെ സൂചിപ്പിക്കുന്ന മുതിർന്ന പൗരൻമാരുടെ അനുപാതം തുടങ്ങിയവ വിഭവവിതരണത്തിലെ പുതിയ സമീപനത്തിന്റെ ഭാഗമാണ്.

തദ്ദേശഭരണസ്ഥാപനങ്ങൾ സ്വന്തം വരുമാനം വർധിപ്പിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നിർദേശങ്ങളും അതിനുള്ള മാർഗങ്ങളും റിപ്പോർട്ടിന്റെ ഭാഗമാണ്. നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനു തദ്ദേശസ്ഥാപനങ്ങൾക്കുള്ള സാധ്യത സംസ്ഥാന സർക്കാരിനേക്കാൾ മെച്ചപ്പെട്ടതാണ് എന്നതാണ് കമ്മീഷന്റെ പഠനങ്ങൾ സൂചിപ്പിക്കുന്നത്. സംസ്ഥാന സർക്കാരിനെ അപേക്ഷിച്ച് കൂടുതൽ വളർച്ചാ സാധ്യതയുള്ള നികുതി-നികുതിയേതര സ്രോതസ്സുകൾ ഉള്ളത് പ്രാദേശിക സർക്കാരുകൾക്കാണ്. ഒപ്പം, തദ്ദേശസ്ഥാപനങ്ങൾക്ക് സുരക്ഷിതമായി കൂടുതൽ വായ്പ എടുക്കാനും കഴിയും. തദ്ദേശസ്ഥാപനങ്ങളുടെ വായ്പ സംസ്ഥാന സർക്കാരിന്റെ വായ്പാപരിധിയിൽ പെടില്ല എന്ന മെച്ചവുമുണ്ട്. നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനും വായ്പകളുടെയും മുനിസിപ്പൽ ബോണ്ടുകളുടേയും സാധ്യത പ്രയോജനപ്പെടുത്തുന്നതിനുമുള്ള നിർദേശങ്ങൾ റിപ്പോർട്ടിന്റെ ഭാഗമാണ്. കോർപ്പറേറ്റുകളുടെ സാമൂഹ്യസുരക്ഷ ഫണ്ട് (സിഎസ്ആർ) ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ സംസ്ഥാന തദ്ദേശസ്ഥാപനങ്ങൾ പിറകിലാണ്. സി. എസ്. ആർ ഫണ്ട് ലഭ്യമാക്കുന്നതിനും ഊർജിത പരിശ്രമം ആവശ്യമാണ്. ഭരണ നിർവഹണ സംവിധാനത്തിൽ, പ്രത്യേകിച്ചും നഗരഭരണത്തിൽ വലിയ അഴിച്ചുപണി ആവശ്യമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. കേന്ദ്ര ധനക്കമ്മീഷൻ ഗ്രാന്റിന്റെ 83.45 ശതമാനം തുക മുനിസിപ്പാലിറ്റികൾക്കും സിറ്റി കോർപ്പറേഷനുകൾക്കുമായാണ് അനുവദിച്ചിരിക്കുന്നത്. ജനസംഖ്യയുടെ 77 ശതമാനം അധിവസിക്കുന്ന ഗ്രാമീണമേഖലയ്ക്ക് 16.55 ശതമാനം തുക മാത്രമാണ് അനുവദിച്ചിരിക്കുന്നത്. കേന്ദ്രധനക്കമ്മീഷൻ ഫണ്ട് വെട്ടിക്കുറച്ചതിന്റെ പ്രയാസം ഗ്രാമീണമേഖല നേരിടുമ്പോൾ അധിക വിഭവം ലഭ്യമാകുന്ന മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തലവേദനയാവുന്നത് കേന്ദ്രധനക്കമ്മീഷൻ നിഷ്കർഷിക്കുന്ന നിബന്ധനകളാണ്. പ്രാദേശിക സർക്കാരുകളുടെ വികസനപദ്ധതികളുടെ അറിവുള്ളടക്കവും സാങ്കേതിക മികവും മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അക്കാദമിക് സ്ഥാപനങ്ങളും പ്രാദേശിക ഗവൺമെന്റുകളും പ്രാദേശിക സമ്പദ്ഘടനയും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ റിപ്പോർട്ടിൽ ഉൾച്ചേർത്തിരിക്കുന്നു.

# വനിതാ ശാക്തീകരണത്തിനും തുല്യാവകാശങ്ങൾക്കുമായി ബോധവത്കരണം ശക്തമാക്കണം: വനിതാ കമ്മിഷൻ

## സൈബർ സ്റ്റോക്കിങ് ക്യാമ്പസ് തല ബോധവത്കരണ പരിപാടി കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ. വനിതാ കോളേജിൽ ഉദ്ഘാടനം ചെയ്തു

രാജ്യത്ത് ഭരണഘടന ഉറപ്പുനൽകുന്ന തുല്യാവകാശങ്ങളെക്കുറിച്ചും സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചും സമൂഹത്തിൽ തുടർച്ചയായ ബോധവത്കരണം അനിവാര്യമാണെന്ന് സംസ്ഥാന വനിതാ കമ്മീഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി. ദേശീയ വനിതാ കമ്മിഷന്റെ സഹകരണത്തോടെ സംസ്ഥാന വനിതാ കമ്മീഷൻ കോളേജ് വിദ്യാർത്ഥിനികൾക്കായി സംഘടിപ്പിക്കുന്ന 'അവെയർനെസ് പ്രോഗ്രാം ഓൺ സ്റ്റോക്കിങ്' കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ. വനിതാ കോളേജിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. ഭരണഘടന വിഭാവനം ചെയ്യുന്ന ലിംഗസമത്വം പൂർണമായി നടപ്പാക്കപ്പെടണം. സ്ത്രീ സംരക്ഷണ നിയമങ്ങളുടെ പ്രസക്തി വർധിക്കുന്ന സാഹചര്യത്തിൽ സമത്വത്തിനുള്ള അവകാശം ഉറപ്പാക്കപ്പെടണമെന്ന് കമ്മിഷൻ പറഞ്ഞു. സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനും നിയമബോധവത്കരണത്തിനുമായി സംസ്ഥാന വനിതാ കമ്മീഷൻ നിരന്തരം ഇടപെടലുകൾ നടത്തിവരികയാണ്. വിവരസാങ്കേതികവിദ്യയും ആർട്ടിഫിഷ്യൽ ഇന്റലിജൻസും അടക്കമുള്ള ഡിജിറ്റൽ സാധ്യതകൾ മുന്നേറുന്ന പുതിയ കാലഘട്ടത്തിൽ സ്ത്രീകൾക്ക് സുരക്ഷിതവും സൗഹൃദപരവുമായ അന്തരീക്ഷം ഉറപ്പാക്കാൻ സമൂഹം ബാധ്യസ്ഥമാണ്. ഡിജിറ്റൽ യുഗത്തിലെ പുതിയ വെല്ലുവിളികളെ അതിജീവിക്കാനും നിയമപരമായ അവകാശങ്ങളെക്കുറിച്ച് കൃത്യമായ ധാരണയുണ്ടാക്കാനും വിദ്യാർത്ഥിനികളെ പ്രാപ്തരാക്കുകയാണ് ഇത്തരം ബോധവത്കരണ പരിപാടികളിലൂടെ വനിതാ കമ്മിഷൻ ലക്ഷ്യമിടുന്നതെന്നും അഡ്വ. പി സതീദേവി പറഞ്ഞു.

നാല് സെഷനുകളിലായി നടന്ന പരിപാടിയിൽ സൈബർ സ്റ്റോക്കിങ്, ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ, പ്രതിരോധ മാർഗങ്ങൾ എന്നിവ സംബന്ധിച്ച് സൈബർ നിയമ-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിദഗ്ധൻ അഡ്വ. എസ്. കെ. മനു കൃഷ്ണ, അഭിഭാഷകനും സൈക്കോളജിസ്റ്റുമായ ഡോ. പി. എം. ബിനു തോട്ടത്തിൽ എന്നിവർ ക്ലാസെടുത്തു. കണ്ണൂരിലെ വിവിധ കോളേജുകളിൽ നിന്നായി ഇരുന്നൂറിലധികം വിദ്യാർഥിനികൾ പങ്കെടുത്തു.

ചടങ്ങിൽ കൃഷ്ണമേനോൻ മെമ്മോറിയൽ വനിതാ ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പാൾ ഡോ. സിനുമോൾ തോമസ് അധ്യക്ഷത വഹിച്ചു. കേരള വനിതാ കമ്മിഷൻ അംഗം അഡ്വ. പി കുഞ്ഞായിഷ, വനിതാ കമ്മിഷൻ മെമ്പർ സെക്രട്ടറി വൈ. ബി ബീന, റിസർച്ച് ഓഫീസർ എ. ആർ അർച്ചന, കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ. സി. പി സന്തോഷ്, വിമെൻ സെൽ കോർഡിനേറ്റർ വി. പി ശ്രീകല എന്നിവരും സന്നിഹിതരായിരുന്നു.

# ഇടമൺ സബ്സ്റ്റേഷനെ വൈദ്യുതി പ്രസരണ ഹബ്ബാക്കാൻ കെഎസ്ഇബി

തെന്മല :ഇടമൺ സബ്സ്റ്റേഷൻറെ ശേഷി വർധിപ്പിക്കാൻ കെഎസ്ഇബി. 220 കിലോവാട്ടിൽനിന്ന് 400 കിലോവാട്ടിലേക്കുയർത്താനാണ് കെഎസ്ഇബി തീരുമാനിച്ചിരിക്കുന്നത്. 400 കോടിയുടെ പദ്ധതിയാണ് കെഎസ്ഇബി നടപ്പാക്കുന്നത്. ഘട്ടംഘട്ടമായി അഞ്ചുവർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

തമിഴ്നാട്ടിലെ കൂടംകുളത്തുനിന്ന് ഇടമൺവഴി കൊണ്ടുപോകുന്ന വൈദ്യുതിയുടെ അളവ് ഉയർത്തുകയാണ് പ്രധാന ലക്ഷ്യം. 220 കിലോവാട്ട് ലൈനുകൾ വഴി 600 മെഗാവാട്ട് വൈദ്യുതിയാണ് സബ്സ്റ്റേഷനുകളിലേക്ക് എത്തിക്കുന്നത്.

ഇടമൺ-കൊച്ചി പവർ ഹൈവേയുടെ രണ്ട് 400 കിലോവാട്ട് ലൈനുകൾ സബ്സ്റ്റേഷനുമായി ബന്ധിപ്പിക്കാൻ സാധിച്ചിട്ടില്ല. ശേഷി കുറവായതാണ് കാരണം.

നിലവിൽ വിഭാവനം ചെയ്യുന്ന പദ്ധതി പൂർത്തിയാവുന്നതോടെ ഇതു സാധിക്കും. കല്ലട അണക്കെട്ടിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയും ഇടമണ്ണിൽനിന്നാണ് പ്രസരണഗ്രിഡുമായി ബന്ധിപ്പിക്കുന്നത്. 1990 വരെ തിരുവനനതപുരം സർക്കിളിലേക്കുള്ള വൈദ്യുതി വിതരണവും ഇടമൺ സബ്സ്റ്റേഷൻ വഴിയായിരുന്നു.

പ്രധാനമായും പദ്ധതി പൂർത്തിയാവുന്നതോടെ 'ഗ്യാസ് ഇൻസുലേറ്റ്' സാങ്കേതികവിദ്യയിലാകുമെന്നാണ് പുറത്തുവരുന്ന വിവരം.

കുറഞ്ഞ സ്ഥലത്ത് ആധുനിക സംവിധാനത്തോടെ നിർമിക്കുന്നതാണ് 'ഗ്യാസ് ഇൻസുലേറ്റഡ്' രീതി. ഇതിനു നിലവിലുള്ള 110 കിലോവാട്ട്, 220 കിലോവാട്ട് സംവിധാനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടക്കും. സമീപത്തുകൂടി പോകുന്ന ഇടമൺ-കൊച്ചി ലൈനുകൾ സബ്സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ജോലികളും ഇതോടൊപ്പം പൂർത്തിയാക്കണം.പദ്ധതി പൂർത്തീകരിക്കുന്നതോടെ തെക്കൻകേരളത്തിൽ കെഎസ്ഐബിയുടെ ആദ്യ 400 കിലോവാട്ട് സബ്സ്റ്റേഷനാകും ഇടമൺ.

കൂടാതെ 1500 മെഗാവാട്ട് സ്ഥാപിതശേഷിയിലേക്ക്ഉയരുകയും ചെയ്യും. പ്രസരണ സംവിധാനം കുറ്റമറ്റതാക്കാനും സാധിക്കും.

തിരുവനന്തപുരത്ത് 400 കിലോവാട്ട്സബ്സ്റ്റേഷനുണ്ടെങ്കിലും പവർഗ്രിഡിൻെറ ഭാഗമാണ്. നിലവിലുള്ള പുനലൂർ, കൊട്ടാരക്കര 110 കിലോവാട്ട് സബ്സ്റ്റേഷനുകളുടെ സ്ഥാപിതശേഷിയും വർധിപ്പിക്കാനാകും. 48 വർഷം മുന്പാണ് ഇടമൺ സ്റ്റേഷൻ സ്ഥാപിക്കുന്നത്. അന്ന് മൂഴിയാറി (ശബരിഗിരി പവർ ഹൗസ്)ൽനിന്ന് 220 കിലോവാട്ട് ലൈനും തമിഴ്നാട്ടിൽ നിന്നുള്ള 220 കിലോവാട്ട് ലൈനും കടന്നുപോകത്തക്ക രീതിയിലുള്ള സംവിധാനമാണ് ഒരുക്കിയിരുന്നത്. ഈ വൈദ്യുതി കൈമാറ്റത്തിൻെറ ഇടത്താവളമായാണ് ഇടമൺ സബ്സ്റ്റേഷൻ സ്ഥാപിച്ചത്.

# ജില്ലാ കായിക മേള: നാലാം വർഷവും അഞ്ചലിൻറെ തേരോട്ടം

കൊല്ലം: 23 സ്വർണമടക്കം 62 മെഡലുകളും 242 പോയിൻറും നേടി അഞ്ചൽ തുടർച്ചയായ നാലാംവർഷവും ജില്ലാ കായിക മേളയിൽ ഓവറോൾ ചാമ്പ്യന്മാരായി.ഏഴു മുതൽ ഒന്പതുവരെ നടന്ന മേളയിൽ 25 വെള്ളിയും 14 വെങ്കലവും നേടിയാണ് അഞ്ചൽ ഉപജില്ല കിരീടത്തിൽ ആധിപത്യം ഉറപ്പിച്ചത്.139 പോയിൻറുമായി ചാത്തന്നൂർ ഉപജില്ല രണ്ടാം സ്ഥാനത്തെത്തിയപ്പോൾ 128 പോയിൻറ് നേടിയ പുനലൂർ ഉപജില്ല മൂന്നാം സ്ഥാനം നേടി.ചാത്തന്നൂർ 16 സ്വർണവും 15 വെള്ളിയും 13 വെങ്കലവും ഉൾപ്പടെ 44 മെഡലുകൾ നേടി. പുനലൂരിൻറെ സമ്പാദ്യം 13 സ്വർണവും 11 വെള്ളിയും 11 വെങ്കലവും ഉൾപ്പെടെ 35 മെഡലുകളാണ്. കൊട്ടാരക്കര ഉപജില്ല 82 പോയിൻറുമായി നാലാം സ്ഥാനത്തെത്തി. 76 പോയിൻറുമായി കൊല്ലം ഉപജില്ല അഞ്ചാം സ്ഥാനവും 37 പോയിൻറുമായി ചവറ ആറാം സ്ഥാനവും നേടി.

കുണ്ടറ, വെളിയം ഉപജില്ലകൾ 33 പോയിൻറ് വീതം നേടി. ശാസ്താംകോട്ട 20 പോയിൻറ് നേടി.സ്കൂൾ തലത്തിൽ ഓവറോൾ കിരീടം നിലനിർത്തി അഞ്ചൽ വെസ്റ്റ് ഗവ. എച്ച്എസ്എസ് തുടർച്ചയായ രണ്ടാം തവണയാണ് സ്കൂൾ ജില്ലാ തലത്തിൽ ജേതാക്കളാകുന്നത്. അഞ്ചൽ ഉപജില്ലയിൽ ഇത് നാലാം കിരീടനേട്ടമാണ്.അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതികൾക്കിടയിലും 25 കുട്ടികളുമായി മത്സരത്തിനിറങ്ങിയ സ്കൂൾ 95 പോയിൻറ് നേടിയാണ് കിരീടം സ്വന്തമാക്കിയത്.10 സ്വർണവും 13 വെള്ളിയും ആറു വെങ്കലവുമാണ് സ്കൂളിൻറെ മെഡൽനേട്ടം. പരിശീലനത്തിന് അഞ്ചൽ സെൻറ് ജോൺസ് കോളജ് ഗ്രൗണ്ടിനെയാണ് താത്കാലികമായി ആശ്രയിക്കുന്നത്.ഒൻപത് സ്വർണവും അഞ്ചു വെള്ളിയും ആറു വെങ്കലവുമായി 66 പോയിൻറ് നേടിയ ഭൂതക്കുളം ഗവ എച്ച്എസ്എസ് രണ്ടാം സ്ഥാനത്തെത്തി. നാലു സ്വർണവും ആറു വെള്ളിയും നാലു വെങ്കലവുമായി 42 പോയിൻറ് നേടിയ അഞ്ചൽ ഈസ്റ്റ് ഗവ. എച്ച്എസ്എസ് മൂന്നാമതായി.അഞ്ചു സ്വർണവും മൂന്നു വെള്ളിയും ഒരു വെങ്കലവുമായി 35 പോയിൻറ് നേടിയ പുനലൂർ സെൻറ് ഗൊരേറ്റി എച്ച്എസ്എസ് നാലാമതും നാലു സ്വർണവും രണ്ടു വെങ്കലവുമായി 22 പോയിൻറ് നേടിയ പത്തനാപുരം സെൻറ് സ്റ്റീഫൻസ് എച്ച്എസ്എസ് അഞ്ചാമതുമെത്തി.

# ജില്ലാ സ്കൂൾ കായികമേളക്കു തുടക്കം; ആദ്യദിനം ആലപ്പുഴ ഉപജില്ല മുന്നിൽ

ആലപ്പുഴ: പുതുതലമുറയുടെ പുതിയദൂരവും വേഗവും കണ്ടെത്താനുള്ള ജില്ലാ സ്കൂൾകായികമേളക്ക് ഇന്നലെ തുടക്കമായി. ആദ്യദിനം കലവൂർ ലിമിറ്റ്ലെസ് സ്പോർട്സ് ഹബ്ബിൽ ത്രോ ഇനങ്ങളിൽ മിന്നുന്നപ്രകടനം പുറത്തെടുത്താണ് കായികപ്രതികൾ തിളങ്ങിയത്. 10 ഇനങ്ങൾ പൂർത്തിയായപ്പോൾ ആലപ്പുഴ ഉപജില്ലയാണ് മുന്നിൽ. ചേർത്തല ഉപജില്ലയാണ് രണ്ടാമത്. സ്കൂൾ വിഭാഗത്തിൽ ആലപ്പുഴ എസ്ഡിവി ബിഎച്ച്എസാണ് മുന്നിൽ. മൂന്ന് സ്വർണവും ഒരുവെള്ളിയും ഉൾപ്പെടെ 18 പോയിൻറാണ് ലഭിച്ചത്.രണ്ട് സ്വർണംനേടി ആലപ്പുഴ സെൻറ് ജോസഫ്സ് ഗേൾസ് എച്ച്എസ്എസ് സ്കൂൾ രണ്ടാമതും ഒന്ന് വീതം സ്വർണവും വെള്ളിയും വെങ്കലവും നേടി ചാരമംഗലം ഗവ.ഡിവിബിഎച്ച്എസ് ഒമ്പത് പോയൻറുമായി മൂന്നാമതുണ്ട്. എട്ട് പോയൻറുമായി ആലപ്പുഴ ലീയോതേർട്ടീന്ത് എച്ച്എസ്എസും ഏഴുപോയൻറുമായി കണിച്ചുകുളങ്ങര വിഎച്ച്എസ്എസ് തൊട്ടുപിന്നിലുണ്ട്. ആദ്യദിനം സീനിയർ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കോസ്കൺട്രി, ഷോട്ട് പുട്ട്, സീനിയർ, ജൂനിയർ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഡിസ്കസ് ത്രോ, ജാവ്ലിൻ, ഹാമർത്രോ എന്നീ മത്സരങ്ങളാണ് നടന്നത്.

രണ്ടാംദിനമായ ഇന്ന് ചേർത്തല സെൻറ് മൈക്കിൾസ് കോളജ് ഗ്രൗണ്ടിൽ അത്ലറ്റിക്സ് മത്സരങ്ങൾക്ക് തുടക്കമാകും. സബ് ജൂനിയർ, ജൂനിയൻ, സീനിയർ വിഭാഗങ്ങളിൽ വേഗതാരങ്ങളെ കണ്ടെത്തുന്ന 100മീറ്റർ ഓട്ടവും റിലേയും വേദിയിൽ മാറ്റുരയ്ക്കും.മേളയുടെ ഔദ്യോഗിക ഉദ്ഘാടനം രാവിലെ ഒമ്പതിന് നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ നിർവഹിക്കും. പി. പ്രസാദ് എംഎൽഎ അധ്യക്ഷത വഹിക്കും. ഇന്ത്യൻ അത്ലറ്റിക്സ് പരിശീലകനും ദ്രോണാചാര്യ അവാർഡ് ജേതാവുമായ പി. രാധാകൃഷ്ണൻ നായർ മുഖ്യാതിഥിയാകും

# നൂറുദിന പദ്ധതികളിലും ഇടംപിടിക്കാതെ തീരദേശ റോഡ് വികസനം

തുറവൂർ: തീരദേശ ഹൈവേ പദ്ധതിയുടെ ഭാവി സംബന്ധിച്ച് അനിശ്ചിതത്വം തുടരുന്നതു തീരദേശവാസികളെ ആശങ്കയിലാക്കുന്നു. കഴിഞ്ഞ എൽഡിഎഫ് സർക്കാർ ആരംഭിച്ച പദ്ധതിയിൽ നൂറുദിവസം പിന്നിട്ടിട്ടും യുഡിഎഫ് സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടില്ലെന്നാണ് ആക്ഷേപം. എൽഡിഎഫ് സർക്കാരിൻറെ അഭിമാന പദ്ധതിയായി ഉയർത്തിക്കാട്ടിയ തീരദേശ ഹൈവേയ്ക്കെതിരേ യുഡിഎഫ് നേതാക്കൾ നേരത്തേ രംഗത്തെത്തിയിരുന്നു. എന്നാൽ, പദ്ധതിയുമായി മുന്നോട്ടു പോകണമെന്ന ആവശ്യവും തീരദേശത്ത് ശക്തമാണ്. നിലവിലുള്ള തീരദേശ റോഡ് 15 മീറ്റർ വീതിയിൽ വികസിപ്പിച്ച് സൈക്കിൾ ട്രാക്ക് ഉൾപ്പടെയുള്ള സൗകര്യങ്ങളോടെ ഹൈവേയായി മാറ്റാനാണ് പദ്ധതി. ഇതിനായി സാധ്യതാപഠനം നടത്തുകയും റോഡിൻറെ ഇരുവശങ്ങളിലും സ്ഥലം അളന്ന് അതിർത്തിക്കുറ്റികൾ സ്ഥാപിക്കുകയും ചെയ്തിരുന്നു.പദ്ധതിയുമായി മുന്നോട്ടുപോകുകയോ അല്ലാത്തപക്ഷം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വിജ്ഞാപനം റദ്ദാക്കുകയോ വേണമെന്നാണ് തീരദേശവാസികളുടെ ആവശ്യം. വീടുകളും കച്ചവടസ്ഥാപനങ്ങളും ഉൾപ്പടെ നിരവധി കെട്ടിടങ്ങൾ പദ്ധതിയുടെ ഭാഗമായി ബാധിക്കപ്പെടുന്നുണ്ട്. തീരദേശ പരിപാലന നിയമത്തിൽ ഇളവുകൾ നിലവിലുള്ള മേഖലകളിൽപ്പോലും പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ മുതൽ ദേശസാത്കൃത ബാങ്കുകൾ വരെ തീരദേശത്തെ ഭൂമി ഈടായി സ്വീകരിക്കാൻ മടിക്കുന്ന സ്ഥിതിയാണെന്നാണ് പരാതി.ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനംകൂടി വന്നതോടെ പ്രതിസന്ധി രൂക്ഷമായി.

ആലപ്പുഴ ജില്ലയിൽ വലിയഴീക്കൽ മുതൽ ചെല്ലാനം വരെ 82 കിലോമീറ്ററാണ് നിർദിഷ്ട തീരദേശ ഹൈവേയുടെ ദൈർഘ്യം. പദ്ധതിക്കായി റോഡിൻറെ ഇരുവശങ്ങളിൽനിന്നായി 29.76 ഹെക്ടർ ഭൂമി ഏറ്റെടുക്കാനാണ് ലക്ഷ്യമിടുന്നത്. തുമ്പോളി മുതൽ ചെല്ലാനം വരെയുള്ള ഭാഗത്ത് 1,916 കെട്ടിടങ്ങൾ ഭാഗികമായോ പൂർണമായോ പൊളിച്ചുനീക്കേണ്ടിവരുമെന്നാണ് കണക്ക്. മറ്റ് മേഖലകളിലെ കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തിയായിട്ടില്ല.തീരദേശത്തിൻറെ സമഗ്ര വികസനവും മെച്ചപ്പെട്ട യാത്രാസൗകര്യങ്ങളും ലക്ഷ്യമിടുന്ന പദ്ധതിയുടെ കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാത്തത് തീരദേശത്തോടുള്ള അവഗണനയാണെന്നാണ് പ്രദേശവാസികളുടെ ആരോപണം. പദ്ധതിയുമായി മുന്നോട്ടുപോകുമോ, അതോ ഉപേക്ഷിക്കുമോ എന്ന കാര്യത്തിൽ സർക്കാർ വ്യക്തത വരുത്തണമെന്നാണ് തീരദേശവാസികളുടെ ആവശ്യം.

# ലഹരിവിരുദ്ധ റാലിയും ബോധവത്കരണ ക്ലാസും

കൊല്ലം: പൊതുവിദ്യാഭ്യാസ വകുപ്പിൻറെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി അയത്തിൽ വേലായുധവിലാസം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ എൻഎസ്എസ് യൂണിറ്റിൻറെയും നേതൃത്വത്തിൽ ലഹരിവിരുദ്ധ റാലിയും ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചു. സ്കൂൾ പ്രിൻസിപ്പൽ എസ്. പത്മകുമാർ നേതൃത്വം നൽകി.പിടിഎ പ്രസിഡൻറ് നുജുമുദീൻ അധ്യക്ഷത വഹിച്ചു.

കൊല്ലം എക്സൈസ് റേഞ്ച് ഓഫിസിലെ അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ മെനഷ്യസ് ബോധവത്കരണ ക്ലാസ് ഉദ്ഘാടനം ചെയ്തു.പ്രധാന അധ്യാപിക എ.ആർ. സജിത, ആദർശ് ജോർജ്, ഷിബു റാവുത്തർ, പിടിഎ വൈസ് പ്രസിഡൻറ് അൻസർ , എസ്. മുഹമ്മദ് സുഹൈൽ, ട്രഷറർ നഹാസ് കൊരണ്ടിപ്പള്ളി, കരിയർ മാസ്റ്റർ ലാലി എന്നിവർ പ്രസംഗിച്ചു.

# അഞ്ജുവിന് കൈത്താങ്ങായി മനുഷ്യാവകാശ പ്രവർത്തകർ

കൊല്ലം: സൗദിയിൽ ഭർത്താവിൻറെ ക്രൂരപീഡനത്തിനിരയായ 24കാരി അഞ്ജുവിന് ആശ്വാസവും പിന്തുണയുമായി കേരള മനുഷ്യാവകാശ സംരക്ഷണ സമിതി പ്രവർത്തകരും ഹൃദയത്തണൽ കൂട്ടായ്മ ഭാരവാഹികളും ആശുപത്രിയിലെത്തി.

കൊല്ലത്തെ ആശുപത്രിയിലെ പ്രത്യേക നിരീക്ഷണ മുറിയിൽ കഴിയുന്ന അഞ്ജുവിനെ സന്ദർശിച്ച് ആരോഗ്യനില ചോദിച്ചറിഞ്ഞ സംഘം, നിയമപരവും മാനുഷികവുമായ എല്ലാ പിന്തുണയും ഉറപ്പാക്കുമെന്ന് അറിയിച്ചു.

കേരള മനുഷ്യാവകാശ സംരക്ഷണ സമിതി സംസ്ഥാന ചീഫ് മീഡിയ കോ-ഓർഡിനേറ്റർ ഷിബു റാവുത്തറിൻറെ നേതൃത്വത്തിലായിരുന്നു സന്ദർശനം. കൊല്ലം ജില്ലാ ഭാരവാഹികൾക്കൊപ്പം കൊല്ലം ജില്ലാ സെക്രട്ടറി എസ്. മുഹമ്മദ് സുഹൈൽ, അൻസാരി നൂർദീൻ, ജലജ കുമാരി, അനിൽ കുമാർ, ഫ്രാൻസിസ്, ജയകുമാർ എന്നിവരും ആശുപത്രിയിലെത്തി.

അഞ്ജുവിന് ചികിത്സയ്ക്കും നിയമപോരാട്ടത്തിനും ആവശ്യമായ എല്ലാ പിന്തുണയും നൽകുമെന്നു മനുഷ്യാവകാശ പ്രവർത്തകർ പറഞ്ഞു.

സംഭവത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

# ചോക്ലേറ്റ് വിപണി കുതിക്കുന്പോഴും കൊക്കോ കർഷകർക്ക് കണ്ണീർക്കാലം

പയ്യാവൂർ: രാജ്യത്തെ പ്രധാനപ്പെട്ട വ്യവസായമായ ചോക്ലേറ്റ് മേഖലയുടെ അടിത്തറയായ കൊക്കോയിൽ പ്രതീക്ഷയർപ്പിച്ച് കൊക്കോ കൃഷിയിലേർപ്പെട്ട കർഷകർക്ക് ഇത് കണ്ണീർക്കാലം. കാലാവസ്ഥ വ്യതിയാനം, വിലയിലെ അനിശ്ചിതത്വം, രോഗബാധ, വിപണി സംവിധാനത്തിലെ പ്രശ്നങ്ങൾ എന്നിവയാൽ മലയോര മേഖലയിലെ കർഷകർ കൃഷിയിൽ നിന്നും പിന്തിരിയുന്ന അവസ്ഥയിലേക്കെത്തിയിരിക്കുകയാണ്.

ജില്ലയിൽ കൊട്ടിയൂർ മുതൽ ഉദയഗിരി വരെയുള്ള പഞ്ചായത്തുകളിലടക്കം ആയിരക്കണക്കിന് കർഷകരാണ് മുഖ്യവിളയായും ഇടവിളയായും കൊക്കോ കൃഷി ചെയ്യുന്നത്. രോഗബാധയാണ് പ്രധാനമായും കർഷകരെ പ്രതിസന്ധിയിലാക്കുന്നത്. കൊക്കോ ചെടികളുടെ തായ്ത്തടിയിൽ ചീക്കു രോഗം പിടിപെട്ട് കൃഷി വ്യാപകമായി നശിക്കുന്നുണ്ട്.

ചീക്കു രോഗം പിടിക്കുന്നതോടെ ഇല പൊഴിഞ്ഞു ചെടി ഉണങ്ങിനശിക്കും. തുടർച്ചയായ മഴയും രോഗവ്യാപനത്തിനു കാരണമാണ്. ബ്ലാക്ക് പോഡ് രോഗം, കോക്കോ സ്വോളൻ ഷൂട്ട് വൈറസ് പോലുള്ള രോഗങ്ങളും കൊക്കോ കാർഷിക മേഖലയെ തളർത്തുന്നുണ്ട്.

കാലവർഷത്തിൽ കൊക്കോ കായ്ച്ചെങ്കിലും പാകമെത്തുന്നതിനു മുന്പ് തന്നെ വ്യാപകമായി കൊഴിഞ്ഞു വീണു നശിച്ചു. ചിലയിടത്ത് മഹാളി രോഗം വ്യാപിച്ചതും ഉത്പാദനം കുറയാനിടയാക്കി. വിലയിടിവും വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. കഴിഞ്ഞ വർഷം കിലോയ്ക്കു 170 രൂപ വരെ വിലയുണ്ടായിരുന്നിടത്ത് ഇത്തവണ കർഷകർക്ക് 85 രൂപ മാത്രമാണ് കിട്ടുന്നത്. രാസവളം, ജൈവവളം എന്നിവയുടെ വിലക്കയറ്റവും ഉയർന്ന കൂലിയുമാണ് കർഷകർ നേരിടുന്ന മറ്റൊരു വെല്ലുവിളി.

രോഗബാധ തടയാൻ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ കൃഷിയിടങ്ങൾ സന്ദർശിച്ച് പ്രതിരോധ നടപടികൾക്കുള്ള ക്രമീകരണങ്ങൾ ചെയ്യുണമെന്ന ആവശ്യം കർഷകരിൽ ശക്തമാണ്. കൂടാതെ ചെടികൾ നശിച്ചവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുക, പുതുതായി കൃഷി നടത്താൻ ആവശ്യമായ സഹായവും ബന്ധപ്പെട്ടവർ ചെയ്യണമെന്നും കർഷകർ ആവശ്യപ്പെടുന്നു.

# കൊട്ടാരക്കര ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നിർമാണം; മൺകൂന നീക്കം ചെയ്യാൻ നടപടിയായി

കൊട്ടാരക്കര : കൊട്ടാരക്കര ഗവ.ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുണ്ടായ മൺകൂന നീക്കം ചെയ്യാൻ നടപടിയായി.

കൂടുതൽ മണ്ണുള്ളതിനാൽ ലേലം ചെയ്ത് വിൽക്കാനാണ് തീരുമാനം. ഇതിനായി നാളെ രാവിലെ 11ന് സ്കൂളിൽ പരസ്യലേലം നടത്തും. മണ്ണ് നീക്കം ചെയ്യുന്നതോടെ ഇവിടുത്തെ പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരമാകും. കൊട്ടാരക്കരയുടെ മിനി സ്റ്റേഡിയം എന്ന നിലയിലാണ് സ്കൂൾ ഗ്രൗണ്ടിൽ നിർമാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. 2024–25 വാർഷിക ബജറ്റിൽ സർക്കാർ രണ്ടു കോടി ഇതിനായി അനുവദിച്ചിരുന്നു.

സ്പോർട്സ് കേരള ഫൗണ്ടേഷൻ തയാറാക്കിയ പദ്ധതിക്ക് അനുസരിച്ചാണ് തുക അനുവദിച്ചത്. കായിക മേളകൾ നടത്താനുപകരിക്കും വിധം നിലവാരമുള്ള സ്റ്റേഡിയമാക്കി മാറ്റുകയാണ് ലക്ഷ്യം. ഗാലറി നിർമാണം, പ്രവേശന കവാടമൊരുക്കൽ, സ്കൂൾ മതിൽ നിർമാണം എന്നിവയുമായി ബന്ധപ്പെട്ട മണ്ണ് ഗ്രൗണ്ടിൽത്തന്നെ കൂട്ടിയിട്ടിരുന്നത് വലിയ പ്രതിസന്ധി സൃഷ്ടിച്ചിരുന്നു.

ഉപജില്ലാ കായിക മേള ഇവിടെ നിന്നും മാറ്റേണ്ടി വന്നു. ജില്ലാ കായികമേളയുടെ പല മത്സരങ്ങളും നടത്തിയിരുന്നതും കൊട്ടാരക്കരയാണ്. എന്നാൽ ഇത്തവണ അതും നടത്താനായില്ല. മണ്ണ് ലേലം ചെയ്ത് നീക്കം ചെയ്യുന്നതോടെ എല്ലാ പ്രതിസന്ധികളും മാറും. തുടർ നിർമാണ പ്രവർത്തനങ്ങൾ കൂടി വേഗത്തിലാക്കിയാൽ മിനി സ്റ്റേഡിയം മികച്ചതാകും.

വിശാലമായ കളിസ്ഥലം, ഗാലറി, പവലിയൻ, ഇരുവശവും ഫ്ളഡ് ലൈറ്റുകൾ, ചുറ്റും ഇരുമ്പുവേലി, പ്രവേശന കവാടം എന്നിവയാണ് പദ്ധതിയിലുള്ളത്.ഫുട്ബോൾ കോർട്ട്, ലോംഗ് ജംബ് പിറ്റ്, തുറന്ന ജിംനേഷ്യം, ബാഡ്മിൻഡൺ കോർട്ട് എന്നിവ തയാറാക്കും. പ്രഭാത നടത്തക്കാർക്കും പ്രയോജനപ്പെടും.